VOL NO: 04 | ISSUE 05
www.nerpatham.com
mail@nerpatham.com

2020 FEBRUARY 01 | ₹12

# നേർപഥം

വാരിക



# പൗരാവകാശം ചോദ്യം ചെയ്യപ്പെടുമ്പോൾ

ഒരു പ്രത്യേക മതത്തിൽ ജനിച്ചു എന്നതിന്റെ പേരിൽ സ്വന്തം നാട്ടിൽ ജീവിക്കാനുള്ള അവകാശത്തെപോലും ഹനിക്കുന്ന തരത്തിലേക്കാണ് ഭരണകൂടത്തിന്റെ പുതിയ നിയമനിർമാണം ചെന്നെത്തി നിൽക്കുന്നത്. ഭരണഘടനയുടെ പച്ചയായ ലംഘനമെന്ന് മാത്രമല്ല ജനാധിപത്യരാഷ്ട്രം മുന്നോട്ടുവെക്കുന്ന സമത്വമെന്ന ആശയത്തിന്റെ കടയ്ക്കൽ കത്തിവെക്കുന്ന നിലപാട് കൂടിയാണിത്. ശക്തമായ പ്രതിഷേധത്തിലൂടെയല്ലാതെ ഇതിനെ തിരുത്തുക സാധ്യമല്ല.

**ഔലിയാക്കൾ ഇഷ്ടപ്രകാരം കറാമത്ത് കാണിക്കുമെന്നോ?**

**സ്വപ്നഭൂമിയിൽനിന്ന് കർമഭൂമിയിലേക്ക് ഉണരുക**

**തോൽപിക്കാൻ കഴിയില്ല; ജയിക്കാനുറച്ചവനെ**

## ഇന്റർനെറ്റ് രഹിത ഡിജിറ്റൽ ഇന്ത്യ!

രണ്ടാം മോഡി മന്ത്രിസഭയിൽ ഏറ്റവും കൂടുതൽ മുഴങ്ങിക്കേട്ട പ്രയോഗമായിരുന്നു ഡിജിറ്റൽ ഇന്ത്യ എന്നത്. എന്നാൽ 2019ൽ ലോകത്ത് ഏറ്റവും കൂടുതൽ ഇന്റർനെറ്റ് വിച്ഛേദിച്ച രാജ്യമെന്ന ദുഷ്പേര് കൂടി സമ്പാദിച്ചിരിക്കുകയാണ് എന്നത് ഏറെ അപഹാസ്യമാണ്.

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |

നേർപഥം
വാരിക

0159 / 2020 ഫെബ്രുവരി 01 / 1441 ജുമാദൽ ആഖിറ 02
പുസ്തകം 04 / ലക്കം 05



# പൗരാവകാശം ചോദ്യം ചെയ്യപ്പെടുമ്പോൾ

അൽത്താഫ് അമ്മാട്ടിക്കുന്ന് / 10

**മുഖമൊഴി**
തോൽപിക്കാൻ കഴിയില്ല; ജയിക്കാനുറച്ചവനെ / 05
എഡിറ്റർ

**വിമർശനം**
ഔലിയാക്കൾ ഇഷ്ടപ്രകാരം
കറാമത്ത് കാണിക്കുമെന്നോ? / 06
മൂസ സ്വലാഹി, കാര

**ലേഖനം**
പരീക്ഷാ ചൂടും സ്നേഹച്ചൂടുള്ള സുലൈമാനിയും / 09
അർഷദ് താനൂർ
ഇന്റർനെറ്റ് രഹിത ഡിജിറ്റൽ ഇന്ത്യ! / 15
നബീൽ പയ്യോളി
അമാനത്ത് / 28
അബ്ദുൽ ജബ്ബാർ മദീനി

**മാർച്ചിംഗ് സോംഗ്**
നാം പിറന്ന നാടിത് / 18
ഉസ്മാൻ പാലക്കാഴി

**പുനർവായന**
തീവ്രവാദം / 20
എ.എ.ഹമീദ് കൊച്ചി

**കൂട്ടായ്മ**
സ്വപ്നഭൂമിയിൽനിന്ന് കർമഭൂമിയിലേക്ക് ഉണരുക / 24
ടി.കെ.അശ്റഫ്

**ക്വുർആൻ പാഠം**
ഇസ്‌ലാമിന്റെ സമഗ്രത / 26
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**ക്വുർആൻ ദർശനം**
മുൽക് (ആധിപത്യം), ഭാഗം: 2 / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**
വഴിവക്കിലെ ചായമക്കാനി / 34
ഇബ്നു അലി എടത്തനാട്ടുകര

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# വിസ്ഡം ദേശരക്ഷാ സമ്മേളനം വേറിട്ടൊരു ഇടപെടലായി

പൗരത്വ ഭേദഗതി നിയമത്തിനെതിരെ 'ചേർന്ന് നിൽക്കുക; ചെറുത്ത് തോൽപിക്കുക' എന്ന പ്രമേയത്തിൽ 2020 ജനുവരി 11ന് കോഴിക്കോട് മുതലക്കുളത്ത് വിസ്ഡം സംഘടിപ്പിച്ച ദേശരക്ഷാ സമ്മേളനം വേറിട്ടൊരു ഇടപെടലായി.

വിഷയത്തിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്തു കൊണ്ടുള്ള പ്രഭാഷണങ്ങളാണ് പരിപാടിയെ വ്യത്യസ്തമാക്കിയത്. പലരും നടത്തിവരുന്ന ആവർത്തനവിരസത കൊണ്ട് വീർപ്പുമുട്ടുന്ന പരിപാടികൾക്കിടയിൽ വ്യത്യസ്തതകൾ കൊണ്ട് ആകർഷകമായി ദേശരക്ഷാ സമ്മേളനം.

കരിനിയമത്തിനെതിരിൽ രാജ്യത്ത് നടക്കുന്ന സമരങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ജന:സെക്രട്ടറി ടി.കെ അശ്റഫ് ആമുഖ പ്രഭാഷണം നടത്തി. പ്രക്ഷോഭങ്ങളോടുള്ള വിസ്ഡത്തിന്റെ നിലപാടുകളും അദ്ദേഹം ചൂണ്ടിക്കാട്ടി.

പൗരത്വ ഭേദഗതി നിയമം ഒളിച്ച് കടത്തുന്ന അജണ്ടകൾ വ്യക്തമാക്കിക്കൊണ്ട് സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്തീഫ് മദനി അധ്യക്ഷ ഭാഷണം നിർവഹിച്ചു. സി.എ.എ നിയമം മുസ്‌ലിം സമുദായത്തിന്റെ മാത്രം വിഷയമല്ലെന്നും രാജ്യത്തിന്റെ അടിത്തറയിളക്കുന്ന കൊടുംചതിയാണെന്നും ഓർമിപ്പിച്ച്, ഇന്ത്യക്കാർ ചേർന്നുനിൽക്കേണ്ടതിലേക്ക് ശ്രോതാക്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ നടത്തിയ വിഷയാവതരണം ശ്രദ്ധേയമായി.

പൗരത്വ ഭേദഗതി രാജ്യത്തിനും ഭരണഘടനക്കും എതിരാണെന്നും ഇതിനെതിരെ ഒറ്റക്കെട്ടായി നിൽക്കൽ അനിവാര്യമാണെന്നും ബോധ്യപ്പെടുത്തിക്കൊണ്ട് എം.പി അബ്ദുസ്സമദ് സമദാനി നടത്തിയ ഉദ്ഘാടന പ്രഭാഷണം ഉജ്ജ്വലമായി. തന്റെ തനിമയാർന്ന ശൈലിയിലൂടെ മഹാന്മാരുടെ ഉദ്ധരണികളും സ്വാതന്ത്ര്യസമര ചരിത്രത്തിലെ ജ്വലിക്കുന്ന ഏടുകളും ചേർത്തുവച്ച് അദ്ദേഹം നടത്തിയ പ്രഭാഷണം പരിപാടിയെ പ്രൗഢമാക്കി.

വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് അർഷദ് അൽഹികമി, ക്യാമ്പസുകളിൽ നിന്നുയർന്ന് വരുന്ന പോരാട്ടവീര്യം സദസ്സിന് ആവേശപൂർവം പകർന്ന് നൽകി. നുണയാണ് ഫാഷിസത്തിന്റെ ഇന്ധനമെന്ന വിഷയത്തിൽ അബ്ദുറഷീദ് കുട്ടമ്പൂർ ശ്രോതാക്കളുടെ ചിന്തകളെ തൊട്ടുണർത്തിക്കൊണ്ട് സംസാരിച്ചു. എൽ.ഇ.ഡി സ്‌ക്രീനിന്റെ സഹായത്തോടെ ഭരണകൂടത്തിന്റെ പല കളവുകളും അദ്ദേഹം അനാവരണം ചെയ്തു. വംശീയ ഉന്മൂലനത്തിന് ഇറ്റലിയും ജർമ്മനിയും സ്വീകരിച്ച വഴികളാരോന്നും വിശദീകരിച്ചപ്പോൾ പരിപാടി ശ്രവിക്കുന്ന പൊതുസമൂഹം പൗരത്വ ഭേദഗതി നിയമത്തിന്റെ അപകടം ആഴത്തിൽ തിരിച്ചറിയുകയായിരുന്നു.

രാജ്യം നേരിടുന്ന വെല്ലുവിളികളെ ചെറുക്കാൻ യുവാക്കളുടെ കർമശേഷിയെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ പ്രേരണ നൽകിക്കൊണ്ട് വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി സംസാരിച്ചു. സമരത്തിന് ദിശാബോധം നൽകുന്ന മാർഗനിർദേശങ്ങൾ കൊണ്ട് വ്യതിരിക്തമായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണം.

സംഘ്പരിവാറിന്റെ യഥാർഥനിറം വ്യക്തമാക്കിക്കൊണ്ടും വിസ്ഡം സംഘടിപ്പിച്ച ദേശരക്ഷാ സമ്മേളനത്തിന്റെ സംഘാടനത്തെ പ്രശംസിച്ചുകൊണ്ടും സി.പി.എം സംസ്ഥാന കമ്മിറ്റിയംഗം പി.മോഹനൻ മാസ്റ്റർ നടത്തിയ പ്രഭാഷണം സമരരംഗത്തുള്ളവർക്ക് ആവേശം നൽകുന്നതായിരുന്നു.

സഹവർത്തിത്വത്തിന്റെ ഇന്നലെകളിലൂടെ സഞ്ചരിച്ചുകൊണ്ട് 'ചേർന്ന് നിൽക്കുക; ചെറുത്ത് തോൽപിക്കുക' എന്ന സന്ദേശം ശ്രോതാക്കളുടെ ഹൃദയത്തിൽ കൊത്തിവെച്ചുകൊണ്ട് മുജാഹിദ് ബാലുശ്ശേരി നടത്തിയ സമാപന സംസാരം ശ്രദ്ധേയമായി. സി.പി സലീം നന്ദി പറഞ്ഞു.

സമ്മേളനത്തിന്റെ സന്ദേശം മുൻനിർത്തി പ്രത്യേകം തയ്യാറാക്കിയ ഗാനങ്ങളും ഡോക്യുമെന്ററികളും സദസ്സിന്റെ കണ്ണും കാതും ഹൃദയവും കവരുന്നതായിരുന്നു. വർധിച്ച ജനപങ്കാളിത്തം കൊണ്ട് പരിപാടി ശ്രദ്ധിക്കപ്പെട്ടു.

ചകിതരായ ഹൃദയങ്ങൾ ചങ്കൂറ്റത്തോടെയാണ് നഗരി വിട്ടിറങ്ങിയത്. ആശയറ്റ സമൂഹം നിശ്ചയദാർഢ്യത്തിന്റെ തേരിലേറിയാണ് തിരിച്ചുപോയത്. വികാരമല്ല; വിവേകമാണ് സമരത്തെ നയിക്കേണ്ടത് എന്ന ആശയം കൈമാറുന്നതിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ദേശരക്ഷാ സമ്മേളനങ്ങൾക്ക് ദിശാബോധം നൽകുന്നതിലും പരിപാടിക്ക് വിജയിക്കാനായി. അൽഹംദുലില്ലാഹ്.

മുഖമൊഴി

# തോൽപിക്കാൻ കഴിയില്ല; ജയിക്കാനുറച്ചവനെ

> നിന്നെ രക്ഷിക്കുവാൻ
> നീ മാത്രമേയുള്ളൂവെന്ന്
> ഊണിലും ഉറക്കിലും
> നീ, നിന്റെ മനസ്സിനെ
> പറഞ്ഞു പഠിപ്പിച്ചാൽ
> നിന്നെ തളരാൻ അനുവദിക്കില്ല
> നിന്റെ മനസ്സ്.

ഇഹലോക ജീവിതം സുഖവും സന്തോഷവും മാത്രം നിറഞ്ഞതല്ല. ലാഭവും നഷ്ടവും സുഖവും ദുഃഖവും ജയവും പരാജയവും ജീവിതത്തിന്റെ ഭാഗമാണ്. പ്രതിസന്ധികളെ തരണം ചെയ്യാനുള്ള മനക്കരുത്തില്ലാത്തവർക്ക് ജീവിത വിജയം കൈവരിക്കാനാവില്ല.

ബന്ധപ്പെടുന്ന എല്ലാ മേഖലകളിലും വിജയവും നേട്ടവും കൈവരിക്കാൻ നാം ആഗ്രഹിക്കുന്നു. കച്ചവടത്തിലും ജോലിയിലും പഠനത്തിലും കുടുംബജീവിതത്തിലും എന്നു വേണ്ട, ഇഹത്തിലും പരത്തിലും നമുക്ക് വിജയമാണ് ലക്ഷ്യം. പരാജയം നാം ഇഷ്ടപ്പെടുന്നേയില്ല. എങ്കിൽ അടിസ്ഥാനപരമായി നമ്മിൽ ഉണ്ടായിരിക്കേണ്ട ഒരു സദ്ഗുണമാണ് മനസ്സിനെ പതറാതെ നിയന്ത്രിച്ചുനിർത്താൻ സാധിക്കുകയെന്നത്.

സർവശക്തൻ നമുക്ക് ഇച്ഛാസ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. സന്മാർഗവും ദുർമാർഗവും വ്യക്തമാക്കിത്തന്നിട്ടുണ്ട്. ആത്യന്തിക വിജയത്തിന്റെ മാർഗവും പരാജയത്തിന്റെ മാർഗവും നമുക്ക് തിരഞ്ഞെടുക്കാം. നമ്മെ പരാജയത്തിന്റെ പടുകുഴിയിലേക്ക് ചാടിക്കുക നമ്മുടെ വികല വിശ്വാസങ്ങളും ദുഷ്ചെയ്തികളുമാണ്. വിജയത്തിലേക്ക് നയിക്കുക സത്യവിശ്വാസവും സൽകർമങ്ങളുമാണ്.

ഇഹലോകത്ത് തെറ്റുകുറ്റങ്ങളും അക്രമവും ചെയ്താൽ പിന്തുണ നൽകുവാനും സഹായിക്കുവാനും ആരെങ്കിലുമൊക്കെ ഉണ്ടാകും. എന്നാൽ പരലോകത്ത് നമ്മെ രക്ഷിക്കുവാൻ ആരുമുണ്ടാകില്ല. അവിടെ രക്ഷ ഇഹലോകത്തെ നമ്മുടെ വിശ്വാസത്തിലധിഷ്ഠിതമായ സൽകർമങ്ങൾ മാത്രമെ ഉണ്ടാകൂ.

ഈ ബോധ്യം നമുക്കുണ്ടെങ്കിൽ നമ്മുടെ ജീവിതത്തിൽ അതിന്റെ പ്രതിഫലനമുണ്ടാകും. നമ്മെ രക്ഷിക്കാൻ ഉറ്റവരും ഉടയവരും പാർട്ടിക്കാരുമൊന്നും ഉണ്ടാകില്ല എന്ന ബോധ്യം നമ്മെ രക്ഷിക്കാൻ നാം അധ്വാനിക്കുന്നതിലേക്ക് നമ്മെ നയിക്കും.

സ്വന്തം മനസ്സിനെ നിയന്ത്രിച്ചു നിർത്തുവാൻ സാധിക്കുക എന്നതാണ് ഏറെ പ്രധാനം. അല്ലാഹു പറയുന്നു: "ആര് അതിരുകവിയുകയും ഇഹലോകജീവിതത്തിനു കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തുവോ (അവന്ന്) കത്തിജ്വലിക്കുന്ന നരകം തന്നെയാണ് സങ്കേതം. അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം" (ക്വുർആൻ 79:37-41).

തന്നിഷ്ടങ്ങൾക്കനുസരിച്ച് ജീവിക്കൽ അപകടകരമാണ്. മനസ്സിനെ നിയന്ത്രിച്ച് പക്വതയുടെ പാത തിരഞ്ഞെടുത്ത് ജീവിക്കുകയാണ് വിജയമാഗ്രഹിക്കുന്നവർ ചെയ്യേണ്ടത്. തിന്മയിലേക്ക് കുതറിയോടുവാൻ വെമ്പൽ കൊള്ളുന്ന മനസ്സിനെ കടിഞ്ഞാണിട്ട് തടഞ്ഞു നിർത്താനുള്ള ശേഷിയുണ്ടാകണം. അധർമത്തിലേക്ക് നമ്മെ മാടിവിളിക്കുന്ന സാഹചര്യങ്ങളും പ്രേരകങ്ങളുമുണ്ടാവും നമുക്കുചുറ്റും. അവയെ ശക്തമായി പ്രതിരോധിക്കുവാൻ സാധിക്കണം.

ഓരോരുത്തരും അവനവനിലേക്ക് തന്നെ നോക്കുക. നിഷ്പക്ഷമായി സ്വയം വിലയിരുത്തുക. മനസ്സിനെ നിയന്ത്രിക്കാൻ കഴിഞ്ഞാൽ എല്ലാം നമുക്ക് അനുകൂലമായി മാറും. അതിനായി നിരന്തരം പ്രാർഥിക്കുക.

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം

അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 12



# ഔലിയാക്കൾ ഇഷ്ടപ്രകാരം കറാമത്ത് കാണിക്കുമെന്നോ?

വിശ്വാസം, സൂക്ഷ്മത, സത്കർമനിഷ്ഠ എന്നീ സവിശേഷതകളോടെ ജീവിതത്തെ സംസ്‌കരണ പാതയിൽ നിലനിർത്തി അല്ലാഹുവിലേക്ക് അടുക്കുന്നവരാണ് യഥാർഥ ഔലിയാക്കൾ. അല്ലാഹു പറയുന്നു:

"ശ്രദ്ധിക്കുക, തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. അവർക്കാണ് ഐഹികജീവിതത്തിലും പരലോകത്തും സന്തോഷവാർത്തയുള്ളത്. അല്ലാഹുവിന്റെ വചനങ്ങൾക്ക് യാതൊരു മാറ്റവുമില്ല. അതു (സന്തോഷവാർത്ത) തന്നെയാണ് മഹത്തായ ഭാഗ്യം" (ക്വുർആൻ 10:62-64).

അബൂഹുറയ്‌റ(റ)യിൽ നിന്ന് നിവേദനം; നബി(സ) പറഞ്ഞു: "നിശ്ചയം അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'എന്റെ

വലിയ്യിനോട് (സാമീപ്യം നേടിയ വ്യക്തിയോട്) ആരെങ്കിലും ശത്രുത കാണിച്ചാൽ അവനോട് ഞാനിതാ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ഞാൻ നിർബന്ധമാക്കിയ കർമങ്ങളെക്കാൾ എനിക്ക് പ്രിയംകരമായ മറ്റൊരു കാര്യം മുഖേനയും എന്റെ ദാസന് എന്റെ സാമീപ്യം നേടാൻ കഴിഞ്ഞിട്ടില്ല. ഞാൻ അവനെ ഇഷ്ടപ്പെടുന്നത് വരെ നിർബന്ധമല്ലാത്ത ഐച്ഛികമായ കാര്യങ്ങൾ അനുഷ്ഠിച്ചുകൊണ്ട് എന്റെ ദാസൻ എന്റെ സാമീപ്യം തേടിക്കൊണ്ടിരിക്കും. ഞാൻ അവനെ ഇഷ്ടപ്പെട്ടു കഴിഞ്ഞാൽ അവന് കേൾക്കാനുള്ള കാതും കാണാനുള്ള കണ്ണും പിടിക്കാനുള്ള കയ്യും നടക്കാനുള്ള കാലും ഞാനായിരിക്കും. എന്നോട് അവൻ ചോദിച്ചാൽ അവന് ഞാൻ നൽകുക തന്നെ ചെയ്യും. എന്നോട് അവൻ അഭയം തേടിയാൽ ഞാൻ അവന് അഭയം നൽകുക തന്നെ ചെയ്യും" (ബുഖാരി).

ഈ പ്രത്യേകതകളുടെ അളവനുസരിച്ച് ഔലിയാക്കൾക്ക് നൽകപ്പെടുന്ന പദവികളിൽ ഏറ്റവ്യത്യാസമുണ്ടാകും. ദീനിനെ സഹായിക്കുക, സദ്‌വൃത്തരായ ദാസന്മാർക്ക് ഉറപ്പും സ്ഥൈര്യവും നൽകുക, നടന്നതോ നടക്കാനുള്ളതോ ആയ സംഭവത്തെ പറ്റി അറിവ് കൊടുക്കുക, സത്യത്തെ സ്ഥാപിക്കുക, ശത്രുക്കളുടെ പൊള്ളത്തരങ്ങൾ തകർക്കുക, പ്രാർഥനക്ക് ഉത്തരമേകുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി ഔലിയാക്കളിൽ പതിവല്ലാത്ത രീതിയിലൂടെ അല്ലാഹു നടപ്പിലാക്കുന്നതാണ് കറാമത്ത് അഥവാ പ്രത്യേക നിലയ്ക്കുള്ള ആദരവ്. അല്ലാഹുവിൽ നിന്നാണെന്നതും മതവിധികൾക്ക് എതിരാവുകയില്ലെന്നതും നന്മയും ഭക്തിയുമുള്ളവരിൽ മാത്രം അല്ലാഹു ഉദ്ദേശിച്ചാൽ മാത്രം കാണപ്പെടുമെന്നതുമാണ് പൈശാചികമായുണ്ടാകുന്ന സംഭവങ്ങളിൽ നിന്ന് കറാമത്തിനെ വ്യതിരിക്തമാക്കുന്നത്.

പച്ചപ്പുതപ്പ്, ജഡ പിടിച്ച മുടി, വൃത്തിഹീനമായ ശരീരം, മുഷിഞ്ഞ വേഷം, പിറുപിറുക്കൽ, ഭ്രാന്തൻ അവസ്ഥ പ്രകടമാക്കൽ ഇതെല്ലാം ഉള്ളവരാണ് സമൂഹ ദൃഷ്ടിയിൽ ഇന്ന് ഔലിയാക്കൾ! ഇവർ യഥേഷ്ടം അദൃശ്യകാര്യങ്ങൾ അറിയുമെന്നും തോന്നുമ്പോൾ കറാമത്ത് കാണിക്കുമെന്നും എന്തിന്നും കഴിവുള്ളവരാണെന്നും പുരോഹിതന്മാർ അനുയായികളെ പറഞ്ഞ് ധരിപ്പിച്ചിട്ടുണ്ട്. അല്ലാവിന്റെ സ്ഥാനത്തേക്ക് വരെ ഇത്തരം വ്യാജന്മാരെ ഇവർ എത്തിച്ചിരിക്കുന്നു എന്നതിന് തെളിവ് കാണുക:

"ഇഷ്ടദാസന്റെ കണ്ണും കാതും കൈയും കാലും ഞാനാകുമെന്ന് അല്ലാഹു ഖുദ്സിയ്യായ ഹദീഥിലൂടെ പറഞ്ഞതു നാം നേരത്തെ മനസ്സിലാക്കിയിട്ടുണ്ട്. അല്ലാഹു കേൾക്കുന്നതു പോലെ കേൾക്കുകയും കാണുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നാണ് ഇതിന്റെ വിവക്ഷ എന്ന് പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്"(സി.എം. സ്മരണിക, പേജ് 32).

മതത്തിന്റെ ബാലപാഠമെങ്കിലും അറിയുന്നവർ ഇങ്ങനെ പറയില്ല. അല്ലാഹു പറയുന്നു: "...അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു" (ക്വുർആൻ 42:11).

"ആകയാൽ അല്ലാഹുവിനു നിങ്ങൾ ഉപമകൾ പറയരുത്. തീർച്ചയായും അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല" (ക്വുർആൻ 16:74).

ഔലിയാക്കളെ സംബന്ധിച്ച് തെറ്റായ വിശ്വാസങ്ങൾ പ്രചരിപ്പിക്കുക എന്നത് സമസ്ത മുറതെറ്റാതെ തുടർന്ന് പോരുന്നുണ്ട്. 2020 ജനുവരി 1-15 ലക്കം സുന്നിവോയ്സിൽ ഒരു മുസ്‌ലിയാർ എഴുതിയത് കാണുക:

"ആധുനിക പുത്തൻവാദികൾ പഴയപോലെ ഇപ്പോൾ കറാമത്തിനെ പൂർണമായി നിഷേധിക്കാറില്ലെങ്കിലും ഔലിയാക്കൾ ഉദ്ദേശിക്കുമ്പോൾ കറാമത്ത് പ്രകടമാക്കാൻ കഴിയുമെന്ന് അംഗീകരിക്കാറില്ല. കറാമത്ത് പാടെ നിഷേധിക്കുന്നതു പോലെ ഭാഗിക നിഷേധമായ ഇതും പ്രമാണവിരുദ്ധവും നിരർഥകവുമാണ്"(പേജ്18).

ഈ വാക്കുകൾ തീർത്തും അസത്യവും തെറ്റിദ്ധരിപ്പിക്കലും മാത്രമാണ്. സമസ്തയുടെ കാഴ്ചപ്പാടിൽ പുത്തൻവാദികളായ അഹ്‌ലുസ്സുന്ന വൽജമാഅ അല്ലാഹുവിന്റെ നിശ്ചയ പ്രകാരം ഔലിയാക്കളിൽ പ്രകടമാകുന്ന കറാമത്തിനെ നിഷേധിക്കുകയല്ല, മറിച്ച് പ്രമാണങ്ങൾ പഠിപ്പിച്ചത് പ്രകാരം വിശ്വസിക്കുകയും പഠിപ്പിക്കുകയുമാണ് ചെയ്യുന്നത്. അതോടൊപ്പം വ്യാജന്മാർ നടത്തുന്ന തട്ടിപ്പുകളെയും പൊള്ളത്തരങ്ങളെയും തുറന്ന് കാണിക്കാറുമുണ്ട്. അത് കറാമത്ത് നിഷേധമല്ല മതനിയമത്തെ ആദരിക്കലും സംരക്ഷിക്കലുമാണ്. ഔലിയാക്കൾക്ക് അവർ ഉദ്ദേശിക്കുമ്പോൾ കറാമത്ത് പ്രകടിപ്പിക്കാൻ കഴിയുമെന്ന സമസ്തയുടെ ആശയം സ്വൂഫികളിൽനിന്ന് കിട്ടിയതാണ്. അതിന് പ്രമാണങ്ങളുടെ പിൻബലമില്ല. നബിﷺയോ സ്വഹാബത്തോ ഇങ്ങനെ വിശ്വസിച്ചതിന് തെളിവൊന്നുമില്ല. എന്നിട്ടും ഇസ്‌ലാമിന്റെ പേരിൽ ഇങ്ങനെ പ്രചരിപ്പിക്കുന്നത് കടുത്ത അക്രമം തന്നെ!

**ദീനിനെ സഹായിക്കുക, സദ്‌വൃത്തരായ ദാസന്മാർക്ക് ഉറപ്പും സ്ഥൈര്യവും നൽകുക, നടന്നതോ നടക്കാനുള്ളതോ ആയ സംഭവത്തെ പറ്റി അറിവ് കൊടുക്കുക, സത്യത്തെ സ്ഥാപിക്കുക, ശത്രുക്കളുടെ പൊള്ളത്തരങ്ങൾ തകർക്കുക, പ്രാർഥനക്ക് ഉത്തരമേകുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി ഔലിയാക്കളിൽ പതിവല്ലാത്ത രീതിയിലൂടെ അല്ലാഹു നടപ്പിലാക്കുന്നതാണ് കറാമത്ത് അഥവാ പ്രത്യേക നിലയ്ക്കുള്ള ആദരവ്.**

മുസ്‌ലിയാർ തന്റെ നിരർഥക വാദത്തിന് തെളിവായി സൂറതുന്നംലിൽ ബൽകീസ് രാജ്ഞിയുടെ സിംഹാസനം സുലൈമാൻ നബിﷺയുടെ അടുത്തെത്തിച്ച സംഭവത്തെ സൂചിപ്പിക്കുന്ന ആയത്തുകളുദ്ധരിച്ചതിന് ശേഷം പറഞ്ഞത് കാണുക:

"പ്രസ്തുത സിംഹാസനം കൊണ്ടുവന്നത് ആസ്വഫുബ്നു ബർഖിയാ എന്ന വലിയ്യാണ്. കറാമത്ത് മുഖേനയാണത് സാധ്യമായത്. കണ്ണടച്ച് തുറക്കും മുമ്പ് ഞാനത് കൊണ്ടുവരാം എന്ന് സധീരം പറയണമെങ്കിൽ ഉദ്ദേശിക്കുമ്പോൾ കറാമത്ത് പ്രകടമാക്കാൻ സാധിക്കണമല്ലോ" (പേജ് 18).

ബനൂഇസ്‌റാഇല്യരിൽപെട്ട സത്യസന്ധനും സദ്‌വൃത്തനും സുലൈമാൻ നബിﷺയോട് അടുപ്പവുമുള്ള ആസ്വഫ് 'താങ്കളുടെ ദൃഷ്ടി താങ്കളിലേക്ക് തിരിച്ചുവരുന്നതിന് മുമ്പായി ഞാനത് താങ്കൾക്ക് കൊണ്ടു വന്ന് തരാം...' (ക്വുർആൻ 27:40) എന്ന് പറയുകയും അങ്ങനെ സംഭവിക്കുകയും ചെയ്തു. അതിന് കാരണം അദ്ദേഹം അല്ലാഹുവിന്റെ അത്യുത്തമ നാമങ്ങളായ 'യാ ഹയ്യ്, യാ ഖയ്യൂം' എന്നിവ മുൻനിർത്തി പ്രാർഥിച്ചു എന്നതാണ്. അല്ലാതെ അദ്ദേഹത്തിന്റെ സ്വതീരുമാനം കൊണ്ട് മാത്രമല്ല.

അല്ലാഹുവിനോട് ഇങ്ങനെയുള്ള പ്രാർഥനക്കും ചോദ്യത്തിനും പെട്ടെന്ന് ഉത്തരം കിട്ടുമെന്നതിൽ വിശ്വാസികൾ സംശയിക്കേണ്ടതില്ലല്ലോ. ഇമാം ത്വബ്‌രി(റഹി), ഇമാം ക്വുർത്തുബി(റഹി), ഇമാം ഇബ്നു കഥീർ(റഹി) എന്നീ മുഫസ്സിറുകൾ വിശദീകരിച്ചതിന്റെ ചുരുക്കമാണ് മുകളിൽ കൊടുത്തത്. ഈ കാര്യം മുസ്‌ലിയാർ മൂടിവെച്ചു എന്നത് വിഷയത്തോട് കാണിച്ച തികഞ്ഞ അക്രമമാണ്. വിദൂരത്തുള്ള സിംഹാസനം നിമിഷങ്ങൾക്കുള്ളിൽ എത്തിയത് എങ്ങനെ എന്നാണ് ചോദ്യമെങ്കിൽ അതിന് മതിയാകുന്ന മറുപടി ക്വുർആൻ നൽകിയിട്ടുണ്ട്. അല്ലാഹു പറയുന്നു: "ആകാശങ്ങളുടെയും ഭൂമിയുടെയും അവയിലുള്ളതിന്റെയും ആധിപത്യം അല്ലാഹുവിന്നത്രെ. അവൻ ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു" (ക്വുർആൻ 5:120).

മഹാനായ ജുറൈജിന്റെ ജീവിതത്തിൽ അദ്ദേഹത്തിന്റെ നാട്ടിലെ വ്യഭിചാരിണിയുടെ ഇടപെടൽ മൂലമുണ്ടായ വിഷയത്തെയും മുസ്‌ലിയാർ തെളിവാക്കുന്നു. ഇമാം ബുഖാരി(റഹി) കിതാബുൽ മളാലിമിലും ഇമാം മുസ്‌ലിം(റഹി) കിതാബുൽ ബിർറി വസ്സിലത്ത് എന്നതിലുമാണ് ഈ ഹദീഥിനെ കൊണ്ടുവന്നിട്ടുള്ളത്. ആത്മാർഥമായ പ്രാർഥന കൊണ്ടും തന്റെ നിരപരാധിത്വം ബോധ്യപ്പെടണമെന്ന ആഗ്രഹമുള്ളത് കൊണ്ടുമാണ് അദ്ദേഹത്തിന്റെ കാര്യത്തിൽ ഫലമുണ്ടായത്. അല്ലാതെ ഇവർ പറയും പ്രകാരം ജുറൈജിന്റെ ഇച്ഛകൊണ്ട് മാത്രമല്ല. അവസാനം ഇമാം നവവി(റഹി), ഇമാം ഇബ്നു ഹജർ അസ്ക്വലാനി(റഹി), ഇമാം ഇബ്നു തൈമിയ്യ(റഹി) തുടങ്ങിയ പണ്ഡിതന്മാർ തന്റെ വാദത്തിന് കൂടെയുണ്ട് എന്ന് ഇയാൾ തട്ടിവിടുന്നുമുണ്ട്.

"കറാമത്തുകൾ ഔലിയാക്കളുടെ ഇഷ്ടപ്രകാരവും അവർ ആവശ്യപ്പെടുമ്പോഴും ഉണ്ടാകുമെന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു" (ശർഹു മുസ്‌ലിം, സുന്നിവോയ്സ്,പേജ്,18).

'കണ്ണടച്ച് തുറക്കും മുമ്പ് ഞാനത് കൊണ്ടുവരാം എന്ന് സധീരം പറയണമെങ്കിൽ ഉദ്ദേശിക്കുമ്പോൾ കറാമത്ത് പ്രകടമാക്കാൻ സാധിക്കണമല്ലോ' എന്നാണ് ലേഖകൻ ആദ്യം എഴുതിയത്. എന്നാൽ ഈ ഉദ്ധരണിയിൽ 'ബി ഇഖ്തിയാരിഹിം വ ത്വലബിഹിം' (അവരുടെ ആഗ്രഹവും തേട്ടവും പ്രകാരം)എന്നാണുള്ളത്. അല്ലാതെ 'ബി ഇഖ്തിയാരിഹിം' (അവരുടെ ഇഷ്ടപ്രകാരം) എന്ന് മാത്രമല്ല. അങ്ങനെയായിരുന്നെങ്കിൽ മുസ്‌ലിയാർക്ക് ന്യായീകരിച്ച് ഒപ്പിക്കാമായിരുന്നു. ഇത്തരം വയ്യാവേലകളുണ്ടാക്കി ഞെരുങ്ങുന്നതിനെക്കാൾ നല്ലത് പിഴച്ച വഴികളിൽ നിന്ന് പിന്തിരിയലല്ലേ? 'കാരസ്കരത്തിൻ കുരു പാലിലിട്ടാൽ കാലാന്തരേ കയ്പു ശമിപ്പതുണ്ടോ' എന്ന് കവി ചോദിച്ചതേ ഇവിടെയും ചോദിക്കാനുള്ളൂ. ഇവർക്ക് ജനങ്ങളെ സ്രഷ്ടാവിൽനിന്നും അകറ്റി സൃഷ്ടികളിലേക്ക് അടുപ്പിക്കലാണ് ലക്ഷ്യം.

അർഷദ് താനൂർ
arshadtnr@gmail.com

ലേഖനം



# പരീക്ഷാ ചൂടും സ്നേഹച്ചൂടുള്ള സുലൈമാനിയും

പരീക്ഷാ കാലമാകുമ്പോൾ മനസ്സിലേക്ക് ഓടിയെത്തുന്ന ചില ഓർമകളുണ്ട്.

ഞാനല്ലാത്ത എല്ലാവരെയും വിളിച്ചുണർത്തുന്ന അലാറം.

ജ്യോമെട്രിക് ബോക്സിനുള്ളിൽ വിശ്രമം കൊള്ളുന്ന സ്റ്റഡി പ്ലാൻ.

പരീക്ഷ എഴുതാനായി വീർപ്പ്മുട്ടി നിൽക്കുന്ന ലെക്സി ഫൈവും പരീക്ഷാപേപ്പറിൽ മാർജിൻ വരക്കാൻ ഒരുങ്ങി നിൽക്കുന്ന സ്കെയിലും കൂർപ്പിച്ച് വെച്ച പെൻസിലും.

പരീക്ഷാ സമയങ്ങളിൽ കാലത്ത് നാല് മണിക്ക് തന്നെ വീട്ടിലെ അടുക്കള ഓണാകും...

പുലർച്ചെ ഉമ്മയുടെ വക സ്പെഷ്യൽ സുലൈമാനിയുണ്ട്...

സ്നേഹത്തിൽ ചാലിച്ച മുഹബ്ബത്തിന്റെ സുലൈമാനി!

ഇത് എക്സാം സ്പെഷ്യലാണ്,

പിന്നെ തലയിൽ തലോടിയുള്ള പ്രാർഥനയും!

എത്ര എഴുതിയാലും തീരാത്ത സ്നേഹമാണ് നമ്മുടെ മാതാപിതാക്കൾ.

നമ്മൾ പഠിക്കുന്നത് എന്താണെന്ന് പോലും അറിയാതെ എത്ര നേരം അവർ കൂട്ടിരുന്നു!

നമ്മുടെ ഓരോ വിജയങ്ങളിലും നമ്മെക്കാൾ സന്തോഷിച്ചവർ അവരായിരിക്കും.

സ്വപ്നങ്ങളെന്തെന്ന് നമുക്കറിയും മുമ്പേ

നമ്മളെക്കൊണ്ട് സ്വപ്നം കണ്ടവർ,

നമുക്ക് വേണ്ടി നമ്മെക്കാൾ ഉറക്കമൊഴിച്ചവർ,

നിസ്കാരപ്പായയിൽ നമുക്കായി ഇടനെഞ്ച് പൊട്ടി പ്രാർഥിച്ചവർ...!

നാം നന്നായി പഠിക്കുക.

ഉന്നത വിജയങ്ങൾ നേടുക.

നമ്മുടെ ഓരോ വിജയവും

മാതാപിതാക്കളുടെ സന്തോഷങ്ങളാണ്.


നമ്മുടെ പരാജയങ്ങളിൽ നമ്മളെക്കാൾ

തോറ്റ് പോകുന്നത് അവരുടെ പ്രതീക്ഷകളാണ്.

ഇത് നാം തിരിച്ചറിയുക.

അൽത്താഫ് അമ്മാട്ടിക്കുന്ന്
althafammatikunnu@gmail.com






# പൗരാവകാശം ചോദ്യം ചെയ്യപ്പെടുമ്പോൾ

**ഒരു പ്രത്യേക മതത്തിൽ ജനിച്ചു എന്നതിന്റെ പേരിൽ സ്വന്തം നാട്ടിൽ ജീവിക്കാനുള്ള അവകാശത്തെപോലും ഹനിക്കുന്ന തരത്തിലേക്കാണ് ഭരണകൂടത്തിന്റെ പുതിയ നിയമനിർമാണം ചെന്നെത്തി നിൽക്കുന്നത്. ഭരണഘടനയുടെ പച്ചയായ ലംഘനമെന്ന് മാത്രമല്ല ജനാധിപത്യരാഷ്ട്രം മുന്നോട്ടുവെക്കുന്ന സമത്വമെന്ന ആശയത്തിന്റെ കടയ്ക്കൽ കത്തിവെക്കുന്ന നിലപാട് കൂടിയാണിത്. ശക്തമായ പ്രതിഷേധത്തിലൂടെയല്ലാതെ ഇതിനെ തിരുത്തുക സാധ്യമല്ല.**

**1949** നവംബർ 26ന് ഭരണഘടന പ്രഖ്യാപിക്കപ്പെട്ടത് മുതൽ ഇന്നുവരെയും ഇന്ത്യൻ ജനത അതിനെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്തുവരുന്നുണ്ട്. രാജ്യത്തിന്റെ എല്ലാ അവസ്ഥകളും കൃത്യമായി മനസ്സിലാക്കി, ഭാവിയിൽ വരാൻ സാധ്യതയുള്ള പ്രശ്നങ്ങളെ പോലും മുന്നിൽ കണ്ടുകൊണ്ട് മഹാന്മാരായ പണ്ഡിതന്മാരും നിയമജ്ഞരും നേതാക്കളും ചേർന്ന് ലോകോത്തരമായ ഭരണഘടന എഴുതിയുണ്ടാക്കിയത് ഓരോ ഇന്ത്യൻ പൗരനും വേണ്ടിയാണ്. മതനിരപേക്ഷതയും മതസ്വാതന്ത്ര്യവും അതിന്റെ മുഖമുദ്രയാണ്. മതം നോക്കി പൗരത്വം നൽകലും നിഷേധിക്കലും ഭരണഘടന അംഗീകരിക്കുന്ന കാര്യമല്ല.

എന്നാൽ കേന്ദ്ര മന്ത്രിസഭ മതത്തിന്റെ അടിസ്ഥാനത്തിൽ പൗരന്മാരെ വേർതിരിക്കുന്ന നിയമം പാസാക്കിയിരിക്കുകയാണ്. അത് ഭരണഘടനാവിരുദ്ധമായതിനാൽ തന്നെ ഭരണഘടനയെ നെഞ്ചേറ്റുന്ന ഒരു പൗരനും ഈ കരിനിയമത്തെ അംഗീകരിക്കാനാവില്ല. ജനങ്ങളെ മതാടിസ്ഥാനത്തിൽ വേർതിരിക്കുന്നു എന്നതിനാൽ ഈ ബില്ലിനെ ഇന്ത്യൻ ജനത എതിർക്കുന്നു. ഈ എതിർപ്പിനും അതിനെ തുടർന്ന പ്രതിഷേധത്തിനും ജനങ്ങൾ പറയുന്ന കാരണം അത് ഭരണഘടനയുടെ അന്തസ്സിനും അന്തസ്സത്തക്കും അത് ഉയർത്തിപ്പിടിക്കുന്ന മാനവികതയ്ക്കും മതേതരത്വത്തിനും ഭീക്ഷണിയാണ് എന്നതാണ്.

നമ്മുടെ ഭരണഘടന നിലവിൽ വരുന്നത് സ്വാതന്ത്ര്യസമര പോരാട്ടങ്ങൾ വിജയം കണ്ടതിന് ശേഷമാണ്. അതുകൊണ്ട് തന്നെ ദേശീയ പ്രസ്ഥാനത്തിന്റെ പൈതൃകവുമായി ഭരണഘടനയ്ക്ക് അഭേദ്യമായ ബന്ധമുണ്ട്.

സ്വാതന്ത്ര്യസമരത്തിൽ മത, ജാതി ചിന്തകൾക്കതീതമായാണ് ഇന്ത്യൻ ജനത പോരാടിയത്. അതുകൊണ്ട് തന്നെ സ്വാതന്ത്ര്യാനന്തരം എഴുതപ്പെട്ട ഭരണഘടന സ്വാതന്ത്ര്യസമരത്തിൽ ഉയർത്തിപ്പിടിച്ച ലക്ഷ്യങ്ങളും നിലപാടുകളും മുറുകെ പിടിക്കുകയും വർണവെറിയുടെയും വംശീയകേന്ദ്രോന്മുഖതയുടെയും മാലിന്യങ്ങൾ സമൂഹത്തിൽ നിന്ന് പിഴുതെറിയാനുള്ള തത്ത്വങ്ങൾക്ക് രൂപംകൊടുക്കുകയും ചെയ്തു.

ഇന്ത്യയിലെ നാട്ട് രാജ്യങ്ങളിൽ നിന്നും ബ്രിട്ടീഷുകാർ നേരിട്ട് ഭരിച്ചിരുന്ന പ്രവിശ്യകളിൽ നിന്നുമായി 385 പ്രതിനിധികൾ, അതായത് ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ ഭരണഘടനാ നിർമാണസഭയിൽ അംഗങ്ങളായി. അവരുടെയെല്ലാം ആവശ്യങ്ങളും അഭിലാഷങ്ങളും ചിന്തകളുമാണ് ഭരണഘടനയായി പരിണമിച്ചത്. സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽ ജനങ്ങൾക്ക് ഗാന്ധിജിയുൾപെടെയുള്ള നേതാക്കൾ വാഗ്ദാനം ചെയ്ത കാര്യങ്ങൾ ഭരണഘടന രൂപീകരിക്കപ്പെടുമ്പോൾ അതിൽ ഉൾക്കൊള്ളിക്കണമെന്ന് ദേശീയ നേതാക്കൾ ആത്മാർഥമായി ആഗ്രഹിച്ചു. ഇതിന്റെ പ്രതിഫലനമാണ് ലക്ഷ്യ പ്രമേയം.

ഭരണഘടനാ നിർമാണസഭയുടെ ലക്ഷ്യം എന്താണെന്ന് വ്യക്തമാക്കുന്ന പട്ടികയാണ് ലക്ഷ്യപ്രമേയം. ദേശീയ പ്രസ്ഥാനത്തിൽ ഉന്നയിച്ച അടിസ്ഥാന ആശയങ്ങളാണ് ലക്ഷ്യപ്രമേയത്തിൽ സ്ഥാനം പിടിച്ചത്. 1946 ഡിസംബറിൽ സഭയുടെ പ്രഥമസമ്മേളനത്തിൽ ജവഹർലാൽ നെഹ്റു ലക്ഷ്യ പ്രമേയം അവതരിപ്പിച്ചു.

ഈ പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് ഇന്ത്യൻ ഭരണഘടന സമത്വം, സ്വാതന്ത്ര്യം, ജനാധിപത്യം തുടങ്ങിയ ആശയങ്ങൾ ഉൾക്കൊണ്ടത്. അതുകൊണ്ട് തന്നെ മതാടിസ്ഥാനത്തിൽ പൗരന്മാരെ നിർണയിക്കുന്ന നിയമഭേദഗതി, ഭരണഘടനാ നിർമാണത്തിന്റെ അടിസ്ഥാന കാരണങ്ങളിൽ പ്രധാനമായ ഇന്ത്യൻ സ്വാതന്ത്ര്യസമരങ്ങളെ നയിച്ച ദേശീയ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളെയും അഭിലാഷങ്ങളെയും വിലകൽപിക്കാത്തതും ഭരണഘടനയുടെ അടിസ്ഥാന സങ്കൽപങ്ങളെ വെല്ലുവിളിക്കുന്നതുമാണ്.

വ്യക്തമായ ഈ ഭരണഘടനാ ലംഘനത്തിനെതിരെ, 'സമത്വം' എന്ന ആശയത്തിന്റെ നിഷേധത്തിനെതിരെ ഭരണഘടന അനുവദിക്കുന്ന രീതിയിൽ ജനം പ്രതിഷേധിക്കുകയും തെരുവിലിറങ്ങുകയും ചെയ്തപ്പോൾ 'സ്വാതന്ത്ര്യം' എന്ന ആശയവും ജനങ്ങൾക്ക് നിഷേധിക്കുന്ന രീതിയിലാണ് സമരങ്ങളെ ഭരണകൂടം നേരിടുന്നത്. സമരങ്ങളെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താനും വെടിവെപ്പ് നടത്താനും അധികൃതർ ധൈര്യം കാണിച്ചത് ഭരണഘടനയോടുള്ള മറ്റൊരു വെല്ലുവിളിയാണ്.

ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ജനാധിപത്യം നിലനിൽക്കുന്നു എന്ന് തെളിയുക പൗരന്മാർക്ക് അഭിപ്രായസ്വാതന്ത്ര്യവും സംഘടിക്കാനുള്ള അവകാശവും നൽകപ്പെടുമ്പോഴാണ്. എന്നാൽ മാധ്യമ പ്രവർത്തകരെ പോലും അന്യായമായി അറസ്റ്റ് ചെയ്യുകയും സമാധാനപരമായ സമരങ്ങളെ സായുധമായി അടിച്ചമർത്തുകയും പരസ്യമായി വർഗീയമായ, വിദ്വേഷപരമായ പ്രസ്താവനകൾ പുറപ്പെടുവിക്കുകയും ചെയ്യുമ്പോൾ നമുക്ക് മനസ്സിലാകുന്നത് പരസ്യമായിത്തന്നെ ഭരണ



ഘടനയെയും ജനാധിപത്യത്തെയും മതേതരത്വത്തെയും കശാപ്പ് ചെയ്യാനുള്ള ബോധപൂർവമായ ശ്രമങ്ങളാണിതെന്നാണ്.

സമരങ്ങളും പ്രതിഷേധങ്ങളും നടത്തുന്നത് അധികാരികൾ ജനഹിതത്തിനെതിരെയുള്ള നയനിലപാടുകളിൽ നിന്ന് പിൻവാങ്ങാനാണ്. ജനാധിപത്യ മര്യാദയനുസരിച്ച് ജനങ്ങൾ തിരഞ്ഞെടുത്ത ഭരണാധികാരികൾക്ക് ജനഹിതം മാനിക്കാൻ ബാധ്യതയുണ്ട്. എന്തുകൊണ്ടെന്നാൽ പരമാധികാരം രാഷ്ട്രത്തിനാണ്. രാഷ്ട്രമെന്നാൽ ഇന്ത്യയിലെ ജനങ്ങളാണ്. അപ്രകാരം നടത്തിയ സമരങ്ങളുടെ ഫലമായാണ് ബ്രിട്ടീഷ്ഭരണകൂടം പോലും ജനങ്ങളുടെ അവകാശം നൽകാൻ തയ്യാറായത്. എന്നാൽ ബ്രിട്ടീഷ് ഗവൺമെന്റ് ജനകീയ പ്രക്ഷോഭങ്ങൾക്ക് മുമ്പിൽ പിടിച്ചുനിൽക്കാൻ കഴിയാതെ വന്നപ്പോൾ നമുക്ക് സ്വാതന്ത്ര്യം തരാൻ തയ്യാറായെങ്കിൽ നാം തന്നെ അധികാരത്തിലേറ്റിയവർ നമ്മുടെ സ്വാതന്ത്ര്യം കവരാനും നമ്മെ നിശ്ശബ്ദരാക്കുവാനുമാണ് ശ്രമിക്കുന്നത്. ഈ യാഥാർഥ്യം ഇന്ത്യൻജനത തിരിച്ചറിയുകയും കൃത്യമായും ശക്തമായും പ്രതിരോധിക്കുകയും വിജയംവരെ സമരപാതയിൽ നിലയുറപ്പിക്കുകയും ചെയ്തില്ലെങ്കിൽ ഏതൊരു ലക്ഷ്യത്തിന് വേണ്ടിയാണോ നാം സ്വാതന്ത്ര്യം നേടിയത് ആ ലക്ഷ്യവും ആഗ്രഹങ്ങളും കുഴിച്ച് മൂടപ്പെടുകയും തികഞ്ഞ ഏകാധിപത്യത്തിന്റെ ഭീതിതമായ ഭാവിയുടെ ദിനരാത്രങ്ങൾ നമ്മെ തേടിയെത്തുകയും ചെയ്യും.

മതനിരപേക്ഷത തകർക്കപ്പെട്ടാൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം വളരെ ആഴത്തിലുള്ള മുറിവുകളാണ് അത് സമൂഹത്തിൽ സൃഷ്ടിക്കുക. എന്തുകൊണ്ടെന്നാൽ പാശ്ചാത്യമതേതരത്വം മതനിരാസവും മതനിഷേധവുമാണ്. എന്നാൽ ഇന്ത്യൻ മതേതരത്വം സർവമതങ്ങളെയും ബഹുമാനിക്കുകയും തുല്യമായി കാണുകയും ചെയ്യുന്നു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം മതത്തെക്കാൾ കൂടുതൽ 'ജാതി'കളാണ് സമൂഹത്തിൽ ഉള്ളത്. രണ്ട് രീതിയിലുള്ള മതമേധാവിത്തങ്ങളും അതിനെ ഉപജീവിച്ചുള്ള ചൂഷണങ്ങളും സമൂഹത്തിൽ ഉണ്ടാകും.

ഒന്ന്, അന്തർ മതമേധാവിത്വം അഥവാ മതങ്ങൾക്ക് തമ്മിൽ തമ്മിലുള്ള മേധാവിത്വമനോഭാവം. രണ്ട്, ആന്തരിക മതമേധാവിത്വം അഥവാ മതത്തിന്റെ ഉള്ളിലെ ജാതികൾക്കിടയിലുള്ള മേധാവിത്വം. ഈ രണ്ട് മേധാവിത്വങ്ങളും വളരെയധികം അപകടകരമാണ്. ഇന്ത്യൻ മതേതരത്വം തകർക്കപ്പെടുന്നതിന്റെ ആദ്യഘട്ടം അന്തർ മതമേധാവിത്വമാണ്. എന്നാൽ അതിന്റെ രണ്ടാംഘട്ടം അത് ആന്തരിക മതമേധാവിത്വത്തിലേക്ക് തിരിയും എന്നതാണ്. ചരിത്രപരമായ കാരണങ്ങളാൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിൽ നിൽക്കുന്ന അധഃസ്ഥിത വിഭാഗങ്ങൾ 1947ന് മുമ്പുള്ള അവസ്ഥയിലേക്ക്, അതായത് ജാതീയ അടിച്ചമർത്തലുകളിലേക്ക് നയിക്കപ്പെടും എന്നത് തീർച്ചയാണ്. ജാതീയമായ അടിച്ചമർത്തലുകളിൽ നിന്ന് ജനത മോചിതരായത് ഭരണഘടന ഉറപ്പ് നൽകുന്ന 'സമത്വം' എന്ന ആശയം ഉള്ളത് കൊണ്ടാണ്. സമത്വം എന്ന ആശയവും അതിന്റെ പ്രായോഗിക രീതിയുടെ സമീപനത്തിലെ മാറ്റവും തെറ്റായി വ്യാഖ്യാനിക്കപ്പെട്ടാൽ സ്വാഭാവികമായും മതേതരത്വം പടിയിറങ്ങും. അതിന്റെ പരിണിത ഫലം മനുഷ്യനെ ഉയർന്നവനെന്നും താഴ്ന്നവനെന്നും വിധിക്കുന്ന പ്രാകൃത സമ്പ്രദായം പുനഃസ്ഥാപിക്കപ്പെടും എന്നതാണ്. അതുകൊണ്ടാണ് 'ഇന്ത്യൻ മതേതരത്വം' എന്ന ആശയം മഹത്തരമാകുന്നത്. അതുകൊണ്ട് തന്നെ ഭരണഘടന അതിന്റെ മൗലികമായ പരിശുദ്ധിയോട് കൂടി നിലനിൽക്കേണ്ടത് ജനതയുടെ പ്രധാനപ്പെട്ട ആവശ്യമാണ്. ഇക്കാര്യം നാം തിരിച്ചറിയണം.

സമത്വം എന്ന ആശയം തകർക്കപ്പെടുമ്പോൾ അത് പ്രധാനമായും ബാധിക്കുക സമൂഹത്തിലെ അധഃസ്ഥിത വിഭാഗത്തെയാണ് എന്നത് ആലങ്കാരികമായി പറഞ്ഞതല്ല. ഇന്ത്യൻ ഭരണഘടന ഭാഗം 3ൽ മൗലികാവകാശങ്ങളിൽ ഒന്നാമത്തേതാണ് സമത്വാവകാശം.

14-മുതൽ 18 വരെയുള്ള വകുപ്പുകളിലായി സമത്വാവകാശം വിശദീകരിക്കപ്പെടുന്നു.

14-ാം വകുപ്പ്: നിയമത്തിന് മുന്നിൽ സമത്വം; നിയമം മുഖേന തുല്യസംരക്ഷണം.

15-ാം വകുപ്പ്: മതം, ജാതി, ലിംഗം, ജന്മദേശം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കുന്നു. കടകൾ, ഹോട്ടലുകൾ, പൊതുഭക്ഷണശാലകൾ, പൊതുവിനോദസ്ഥലങ്ങൾ അല്ലെങ്കിൽ രാഷ്ട്രത്തിന്റെ ധനമുപയോഗിച്ച് സംരക്ഷിക്കുന്ന പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഒരു വ്യക്തിക്കും പ്രവേശനം നിഷേധിക്കരുത്.

16-ാം വകുപ്പ്: അവസരസമത്വം. രാഷ്ട്രത്തിന് കീഴിലെ ഏത് സ്ഥാപനത്തിലും പൗരന്മാർക്ക് സർക്കാർ ജോലിയുടെ കാര്യത്തിൽ സമത്വം നൽകുന്നു. സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന സമൂഹങ്ങൾക്കും പട്ടികജാതി/പട്ടിക വർഗ

ങ്ങൾക്കും അനുകൂലമായി നിയമത്തിൽ സംവരണം ഏർപ്പെടുത്താൻ ഈ വകുപ്പ് രാഷ്ട്രത്തിന് അധികാരം നൽകുന്നു.

17-ാം വകുപ്പ്: അയിത്താചാരം നിരോധിക്കുന്നു.

18-ാം വകുപ്പ്: ബഹുമതികൾ ഒഴിവാക്കൽ.

മേൽ പറയപ്പെട്ട വകുപ്പുകളും അവയുടെ വിശദീകരണങ്ങളും സമത്വാവകാശത്തിന്റെ പരിധിയിലാണ് വരിക. അത്കൊണ്ട് തന്നെ സമത്വാവകാശ നിഷേധത്തിലൂടെ സമൂഹത്തിലെ അധഃസ്ഥിത സമൂഹത്തിന്റെ ഉന്നമനത്തിനും വളർച്ചക്കും വേണ്ടി നിശ്ചയിക്കപ്പെട്ട നിയമങ്ങളുടെ സാധുത ചോദ്യം ചെയ്യപ്പെടുകയും സാമ്പത്തികമായും സാംസ്കാരികമായും തകർക്കപ്പെടുകയും ചെയ്യും.

പഴയ ദുരാചാരങ്ങൾ ആവർത്തിക്കും, തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ആവർത്തിക്കും. ജാതീയ മേൽകോയ്മ പുനഃസ്ഥാപിക്കപ്പെടും. ഇന്ത്യയിൽ പലയിടങ്ങളിലും ഇപ്പോഴും അയിത്താചാരങ്ങൾ നിലനിൽക്കുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. പത്രങ്ങളിൽ നാം കാണാറുള്ളതാണവ. നിയമം ഉണ്ടായിട്ടുപോലും സ്ഥിതി ഇതാണെങ്കിൽ നിയമം ഇല്ലായ്മ ചെയ്താൽ എന്താണവസ്ഥ എന്നത് ഊഹിക്കാവുന്നതിനും അപ്പുറമാണ്.

മനുഷ്യാവകാശലംഘനം നടക്കുമ്പോൾ കാര്യനിർവഹണ വിഭാഗവും നിയമനിർമാണ സഭയും അതിനെതിരെ ഇടപെടാത്ത അവസ്ഥ നിലനിൽക്കുന്നു. ജനാധിപത്യപരമായി പ്രധിഷേധിക്കാനും സംഘടിക്കാനും അനുവദിക്കാതിരിക്കുക, മാധ്യമ പ്രവർത്തകരെയും സാമൂഹ്യ പ്രവർത്തകരെയും അറസ്റ്റ് ചെയ്ത് ജയിലിലടക്കുക, (കണ്ണൻ ഗോപിനാഥനും ചന്ദ്രശേഖർ ആസാദും കസ്റ്റഡിയിലായത് ഓർക്കുക) തുടങ്ങിയ; സ്വാതന്ത്ര്യത്തിൻ മേലുള്ള അവകാശലംഘനങ്ങൾ നടക്കുമ്പോൾ, ജനങ്ങൾ വെടിയേറ്റ് വീഴുമ്പോൾ കോടതിക്ക് വിഷയത്തിൽ ഇടപെടാനുള്ള അധികാരമുണ്ട്. അതാണ് ജുഡീഷ്യൽ ആക്ടിവിസം. ബഹുമാനപ്പെട്ട കോടതികൾ ഈ വിഷയത്തിൽ ഇടപെടുന്നത് ജനാധിപത്യവിശ്വാസികൾക്ക് ആശ്വാസത്തിന് വകനൽകുമെന്നതിൽ സംശയമില്ല.

ജനക്ഷേമപരമായ പ്രവർത്തനങ്ങളിലൂടെ അധികാരം ഉറപ്പിക്കേണ്ടതിന് പകരം ക്രമേണ ഏകാധിപത്യത്തിലേക്ക് നീങ്ങി അധികാരം അരക്കിട്ടുറപ്പിക്കുവാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത് എന്നത് വ്യക്തമാണ്. സൈനിക മേധാവി രാഷ്ട്രീയം പറയുക, ആ പറയുന്നത് ഭരണ പക്ഷത്തെ നയിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ പ്രഖ്യാപിത ലക്ഷ്യം കൂടിയാവുക! ഇത് ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് സംഭവിക്കുന്നത്. നമ്മുടെ നാട്ടിലെ ജനാധിപത്യം കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത് എന്ന് ഇത് നമ്മെ ബോധ്യമാകുന്നു.

ഇതെല്ലാം കണ്ട് മൗനികളായിരിക്കുകയല്ല പൗരധർമം. പൗരത്വ ഭേദഗതി ബില്ലും എൻ.ആർ.സിയുംപിൻവലിക്കുന്നത് വരെ സമരം തുടരേണ്ടതുണ്ട്. ഇത് കേവലം മതത്തിന്റെ അടിസ്ഥാനത്തിലുള്ള വേർതിരിവ് മാത്രമല്ല, ഭാവിയിൽ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും അവരുടെ പ്രവർത്തനങ്ങൾക്കും ശക്തമായ വിലക്കുകൾ ഉണ്ടായേക്കാം. നേതാക്കന്മാർ വീട്ടുതടങ്കലിലാക്കപ്പെടും. ചോദിക്കാനും പറയാനും ആരുമുണ്ടാവില്ല. കാശ്മീരിൽ സംഭവിച്ചത് നമുക്ക് മുമ്പിലുള്ള അനുഭവ പാഠമാണ്. നമ്മുടെ ഭാഗത്ത് നീതിയുള്ളത് കൊണ്ടോ ചരിത്രം നമുക്ക് അനുകൂലമായത് കൊണ്ടോ മാത്രം നാം വിജയിക്കണം എന്നില്ല. അധികാരത്തിന്റെ മുഷ്ക്കിനു മുമ്പിൽ സത്യവും നീതിയും ചവിട്ടിമെതിക്കപ്പെടും.

അധികാരം ഏതെങ്കിലുമൊരിടത്ത് കേന്ദ്രീകരിക്കപ്പെടാതിരിക്കാനും ജനങ്ങളുടെ മൗലികാവകാശങ്ങൾ കവരുന്നത് തടയാനും കൂടിയാണ് ഇന്ത്യയെ ഒരു അർധ ഫെഡറൽ സംവിധാനമാക്കി നമ്മുടെ ഭരണഘടന തീരുമാനിച്ചത്. ഫെഡറൽ എന്ന പദമല്ല അതിന് ഭരണഘടന ഉപയോഗിച്ചിരിക്കുന്നത്. ഇന്ത്യ അതായത് ഭാരതം സംസ്ഥാനങ്ങളുടെ ഒരു യൂണിയൻ ആയിരിക്കണം എന്നാണ് ഭരണഘടനയുടെ ഒന്നാം അനുഛേദത്തിൽ പറയുന്നത്. ഇതിൽ നിന്ന് തന്നെ സംസ്ഥാനങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട് എന്നത് വ്യക്തമാണ്. അതിനാൽ തന്നെ ഭരണഘടനയുടെ മൗലികാവകാശങ്ങളുടെ നേർക്കുള്ള അക്രമങ്ങൾ സംസ്ഥാനങ്ങൾക്ക് കൈയും കെട്ടി നോക്കിനിൽക്കാനാവില്ല.

സംസ്ഥാനത്തെ ജനങ്ങളുടെ ആശങ്കകളും ആകുലതകളും അറിഞ്ഞ്, അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട ചുമതലയാണ് ഓരോ സംസ്ഥാന ഭരണകർത്താക്കൾക്കും ഉള്ളത്. ജനങ്ങളെ ആശങ്കയിലാക്കുന്നതും ദേശീയ പുരോഗതിക്ക് തടസ്സം നിൽക്കുന്നതുമായ നിയമങ്ങൾ നിർമിക്കുമ്പോൾ സംസ്ഥാന സർക്കാറുകളുടെയും ജനങ്ങളുടെയും അഭിപ്രായം ആ

രായുക എന്നത് ഒരു ഫെഡറൽ സംവിധാനത്തിൽ അത്യന്താപേക്ഷിതമാണ്. മൃഗീയ ഭൂരിപക്ഷവും രാഷ്ട്രീയ അതിപ്രസരവും കൂടിയാലോചന എടുക്കുന്നതിൽ നിന്ന് കേന്ദ്രഗവൺമെന്റിനെ തടയാൻ പാടുള്ളതല്ല.

സംസ്ഥാനങ്ങൾ കേന്ദ്രം പറയുന്നത് മുഴുവൻ അണ്ണാക്ക് തൊടാതെ വിഴുങ്ങേണ്ടതില്ല. സംസ്ഥാനങ്ങൾക്ക് വ്യക്തമായ അധികാരങ്ങൾ ഉണ്ട്. അതുകൊണ്ടാണ് കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള തർക്കങ്ങൾ സുപ്രീം കോടതിയിൽ എത്തുന്നത്. കേന്ദ്രഭരണകൂടം കുടിലമായ രാഷ്ട്രീയ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാനങ്ങളെ ദുരുപയോഗപ്പെടുത്തുകയും രാഷ്ട്രീയ സ്ഥിതിഗതികൾ തങ്ങൾക്കനുകൂലമാക്കിയെടുക്കാനുള്ള തന്ത്രങ്ങൾ പ്രയോഗിക്കുകയും ചെയ്യുമ്പോൾ സംസ്ഥാനങ്ങൾ പ്രതിരോധിക്കുക സ്വാഭാവികം മാത്രം; ജനങ്ങളുടെ പൗരത്വം ചോദ്യം ചെയ്യുന്ന വിഷയത്തിൽ പ്രത്യേകിച്ചും.

ചരിത്രത്തിലെ വലിയൊരു സംഭവമായി കേരള നിയമസഭ പൗരത്വഭേദഗതി ബില്ലിനെതിരെ പ്രമേയം പാസ്സാക്കിയ നടപടി രേഖപ്പെടുത്തപ്പെടും എന്നതിൽ രണ്ടഭിപ്രായമില്ല. ജനാധിപത്യവും മതേതരത്വവും അതിന്റെ പൂർണാർഥത്തിൽ എവിടെയെങ്കിലും പുലർന്നിട്ടുണ്ടെങ്കിൽ അത് കേരളത്തിലാണ് എന്ന് നമുക്ക് അവകാശപ്പെടാം. ചില സംസ്ഥാന സർക്കാറുകൾ സ്വന്തം ജനതയെ പോലീസ് സേനയുടെ ലാത്തികൊണ്ടും തോക്ക് കൊണ്ടും സംഘപരിവാര അക്രമികളുടെ കുറുവടി കൊണ്ടും നേരിടുന്ന വേദനാജനകമായ കാഴ്ചകൾക്കിടയിലാണ് കേരള സർക്കാരിന്റെ കരുത്തുറ്റ നിലപാടും കേരളത്തിന്റെ ജനാധിപത്യബോധത്തിന്റെ മഹത്തായ ആവിഷ്കാരവും നമുക്ക് കാണാൻ സാധിക്കുന്നത്. രാഷ്ട്രീയത്തിലെ ലാഭനഷ്ടങ്ങൾ തൂക്കിനോക്കാതെ ഈ വിഷയത്തിൽ പ്രതിപക്ഷം ഭരണപക്ഷത്തിന് പൂർണ പിന്തുണ കൊടുത്തത് ഏറെ ശ്രദ്ധേയമാണ്. ധീരമായ നിലപാട് സ്വീകരിച്ച മുഖ്യമന്ത്രിക്കെതിരെ ഗവർണറും കേന്ദ്രസർക്കാറും നടത്തുന്ന നീക്കങ്ങളെ കേരളജനതക്കെതിരെ നടത്തുന്ന നീക്കങ്ങളായിത്തന്നെ നാം കാണേണ്ടതുണ്ട്. അതിനാൽ നാം ഒറ്റക്കെട്ടായി നിലനിൽക്കുക; നേരിടുക. ●

# വിസ്ഡം: തെരഞ്ഞെടുപ്പ് പൂർത്തിയായി

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ എല്ലാ ഘടകങ്ങളുടെയും തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയായി.

യുവജന, വിദ്യാർഥി ഘടകങ്ങളുടെ കമ്മിറ്റികൾ നേരെത്തെ നിലവിൽവന്നു. 2020 ജനുവരി പതിനൊന്നിന് കോഴിക്കോട് ചേർന്ന ജനറൽ കൗൺസിലിൽ വെച്ച് മാതൃസംഘടനയുടെ പുതിയ കമ്മിറ്റിയും ചുമതലയേറ്റു.

പി. എൻ. അബ്ദുല്ലത്തീഫ് മദനി പ്രസിഡന്റായും ടി.കെ അശ്റഫ് ജനറൽ സെക്രട്ടറിയായും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, അബൂബക്കർ സലഫി, ഫൈസൽ മൗലവി, ഹാരിസ് ബിൻ സലീം, ഹുസൈൻ കാവനൂർ, കെ സജ്ജാദ്, അബ്ദുൽ മാലിക് സലഫി തുടങ്ങിയവരാണ് മറ്റു ഭാരവാഹികൾ.

കെ.സി അയ്യൂബ്, നബീൽ രണ്ടത്താണി, സി.പി അബ്ദുല്ല പൂനൂർ, അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി, ശരീഫ് ഏലാങ്കോട്, അശ്റഫ് വെൽക്കം, ശമീർ മദീനി, ഉമർ അത്തോളി, മുഹമ്മദ് സ്വാദിഖ് മദീനി, ഹംസക്കുട്ടി സലഫി എടത്തനാട്ടുകര, അബ്ദുൽഖാദർ പറവണ്ണ, മുജാഹിദ് ബാലുശ്ശേരി, റഷീദ് കൊടക്കാട്ട്, സുഫ്‌യാൻ അബ്ദുസ്സലാം, അശ്റഫ് സുല്ലമി തൃശൂർ, ഡോ.സി.എം ഷാനവാസ്, ജമാൽ പെരിന്തൽമണ്ണ, ബഷീർ കൊമ്പനടുക്കം, സത്താർ കാഞ്ഞങ്ങാട്, അബ്ദുറസാഖ് എഞ്ചിനിയർ, ബഷീർ കുത്തിയതോട്, നിസാർ കരുനാഗപ്പള്ളി, പ്രൊഫ.അബ്ദുറഷീദ് തിരുവനന്തപുരം, അശ്റഫ് കല്ലായി, വി.ടി ബഷീർ കോഴിക്കോട്, ശരീഫ് കരുവാരകുണ്ട്, റിയാസ് തൃശൂർ എന്നിവരാണ് സംസ്ഥാന പ്രവർത്തക സമിതിയംഗങ്ങൾ.

പണ്ഡിത സമിതിയായ ലജ്നത്തുൽ ബുഹൂസുൽ ഇസ്‌ലാമിയ്യയുടെ ചെയർമാനായി ഹുസൈൻ സലഫിയും കൺവീനറായി ഫൈസൽ മൗലവിയും തെരഞ്ഞെടുക്കപ്പെട്ടു.

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം

# ഇന്റർനെറ്റ് രഹിത ഡിജിറ്റൽ ഇന്ത്യ!

**നീ**ണ്ട ആറ് മാസക്കാലത്തെ ഇന്റർനെറ്റ് നിരോധനത്തിന് താൽക്കാലിക വിരാമം കുറിച്ച് കശ്മീരിന്റെ പല ഭാഗങ്ങളിലും ഭാഗികമായി ഇന്റർനെറ്റ് പുനഃസ്ഥാപിച്ചു. ജമ്മു ഡിവിഷണിലെ 10 ജില്ലകളിലും കശ്മീർ താഴ്‌വരയിലെ കുപ്‌വാര, ബന്ദിപോര ജില്ലകളിലുമാണ് 2ജി ഇന്റർനെറ്റ് സേവനം പുനഃസ്ഥാപിച്ചത്. ആശുപത്രികൾ, ബാങ്കുകൾ, സർക്കാർ ഓഫിസുകൾ തുടങ്ങിയവയുടെ അവശ്യ സേവനം മുൻനിർത്തി ബ്രോഡ്ബാൻഡ്, ഇന്റർനെറ്റ് സൗകര്യം ഒരുക്കിക്കൊടുക്കാൻ ഇന്റർനെറ്റ് സേവനദാതാക്കൾക്ക് ഭരണകൂടം നിർദേശം നൽകുകയായിരുന്നു. വിനോദ സഞ്ചാരമേഖലയിൽ നിയന്ത്രണത്തിൽ ഇളവ് വരുത്തുമെന്നും സർക്കാർ ഇറക്കിയ ഉത്തരവിൽ പറയുന്നു. അതേസമയം, സമൂഹമാധ്യമ നിയന്ത്രണം സമ്പൂർണമായി തുടരുമെന്നും ഇതു വ്യക്തമാക്കുന്നു.

ജമ്മു കശ്മീരിലെ നിയന്ത്രണങ്ങൾ പുനഃപരിശോധിക്കാൻ സുപ്രീംകോടതി ജനുവരി രണ്ടാം വാരം കേന്ദ്ര സർക്കാരിന് നിർദേശം നൽകിയിരുന്നു. ഇതേത്തുടർന്നാണ് ഭാഗികമായെങ്കിലും സേവനം പുനഃസ്ഥാപിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായത്. ഇന്റർനെറ്റ് ഉപയോഗം മൗലിക അവകാശമെന്ന് സുപ്രീംകോടതി



പ്രസ്താവിച്ചു. ഒരു നിശ്ചിത സമയത്തിലധികം ഇന്റർനെറ്റ് സേവനങ്ങൾ വിച്ഛേദിക്കുന്നത് നിയമ ലംഘനമാണ്.

എന്നാൽ മതിയായ കാരണങ്ങളോടെ താത്കാലികമായി ഇന്റർനെറ്റ് വിഛേദിക്കാം. ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഇ-സർവീസ് സ്ഥാപനങ്ങൾ, സർക്കാർ വെബ്സൈറ്റ് എന്നിവിടങ്ങളിൽ ഇന്റർനെറ്റ് പുനഃസ്ഥാപിക്കണം... ഇങ്ങനെ നീളുന്നു, ആർ. സുഭാഷ് റെഡ്ഡി, ബി.ആർ. ഗവായ് എന്നിർകൂടി അംഗങ്ങളായ ബെഞ്ചിന്റെ നിരിക്ഷണങ്ങളും നിർദേശങ്ങളും. രാജ്യസഭ പ്രതിപക്ഷ നേതാവ് ഗുലാം നബി ആസാദ് ഉൾപ്പെടെയുള്ളവർ സമർപ്പിച്ച ഹർജിയിലാണ് സുപ്രീം കോടതി ഈ പരാമർശങ്ങൾ നടത്തിയത്.

മോദി സർക്കാരും ബിജെപിയും കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പ് വേളകളിലും നിരന്തരം പറഞ്ഞുകൊണ്ടിരുന്നത് ഡിജിറ്റൽ ഇന്ത്യയെ കുറിച്ചായിരുന്നു. വിവരസാങ്കേതികവിദ്യ ലോകത്തിന്റെ കുതിപ്പിന് പുതിയ മുഖം നൽകിയ വിപ്ലവകരമായ ഒരു കണ്ടുപിടുത്തം തന്നെയാണ്. ലോകം മുഴുവൻ വിവര സാങ്കേതിക വിദ്യയുടെ തോളിലേറിയാണ് മുന്നേറിക്കൊണ്ടിരിക്കുന്നത്. ഇന്റർനെറ്റ് ഇല്ലാതെ ഒരു നിമിഷം പോലും ജീവിക്കാൻ സാധ്യമല്ലെന്ന മട്ടിലേക്ക് കാര്യങ്ങൾ മാറിക്കഴിഞ്ഞു. നാളെയുടെ വികസനം മുഴുവൻ ഇന്റർനെറ്റിനെ ആശ്രയിച്ചാണ് എന്ന യാഥാർഥ്യം ലോകം തിരിച്ചറിഞ്ഞു കഴിഞ്ഞു. ഡിജിറ്റൽ യുഗത്തിന്റെ കൂടെ മുന്നേറാൻ സാധിക്കുക എന്നതാണ് ഇന്നിന്റെ വെല്ലുവിളി. മാൻപവറിനെക്കാൾ ഡിജിറ്റൽ പവർ ആണ് ഇന്ന് പുരോഗതിയുടെ മാനദണ്ഡം. ഇത് പുതുതലമുറയുടെ തിരിച്ചറിവും ആവശ്യവുമാണ്. ഈ വസ്തുതയുടെ മറപ്പിടിച്ചാണ് കഴിഞ്ഞ രണ്ട് ഘട്ടങ്ങളിലും പുതുതലമുറയെ മോദിയും കൂട്ടരും കൂടെ നിർത്താൻ ശ്രമിച്ചത്. ഇന്ത്യ ഡിജിറ്റൽ രംഗത്ത് ശക്തമായ കുതിച്ചുചാട്ടം നടത്തും എന്ന പ്രതീതി സമൂഹത്തിൽ ഉണ്ടാക്കുന്നതിലും ഒരു പരിധി വരെ അവർ വിജയം കൈവരിക്കുകയും ചെയ്തു. 2018 സെപ്തംബറിൽ പുതിയ ഡിജിറ്റൽ നയത്തിന് മോദി സർക്കാർ രൂപം നൽകി. 7.2 ലക്ഷം കോടി രൂപയുടെ നിക്ഷേപം, 40 ലക്ഷം തൊഴിലവസരങ്ങൾ, ഗ്രാമങ്ങളിൽ 20 ലക്ഷവും നഗരങ്ങളിൽ 10 ലക്ഷവും വൈഫൈ സ്പോട്ടുകൾ, എല്ലാവർക്കും 50 എം.ബി.പി.എസ് ബ്രോഡ്ബാൻഡ് തുടങ്ങിയ വാഗ്ദാനങ്ങളുടെ പെരുംമഴയായിരുന്നു പുതിയ നയത്തിലൂടെ മോദി സർക്കാർ രാജ്യത്തിന് നൽകിയത്. അതിന്റെ പ്രചാരണത്തിനായി അവർ കോടിക്കണക്കിന് രൂപ ചെലവഴിക്കുകയും ചെയ്തു.

എന്നാൽ ഈ വാഗ്ദാനങ്ങളെല്ലാം കാറ്റിൽപറത്തുന്ന നടപടികളാണ് ഈ സർക്കാർ ചെയ്തു കൊണ്ടിരിക്കുന്നത്. വിവരസാങ്കേതിക വിദ്യയുടെ ചിറകിലേറി വികസനക്കുതിപ്പിന്റെ നാളുകൾ വാഗ്ദാനം ചെയ്തവർ ലോകത്തിന് മുന്നിൽ നാണം കെടുന്ന കാഴ്ചയാണ് നമ്മെ ചിന്തിപ്പിക്കേണ്ടത്. ഏറ്റവും കൂടുതൽ ഇന്റർനെറ്റ് നിരോധനം ഏർപ്പെടുത്തിയ രാജ്യമാണ് ഇന്ന് ഇന്ത്യ. ലോകത്തിന് മുന്നിൽ നാണം കെടാൻ ഇനി എന്ത് വേണം! ഡിജിറ്റൽ ഇന്ത്യ വാഗ്ദാനം ചെയ്തവർ ഇന്ന് ഇന്റർനെറ്റ് ഇല്ലാത്ത ഇന്ത്യയാണ് നിത്യേന വിഭാവനം ചെയ്തുകൊണ്ടിരിക്കുന്നത്.

ഇന്റർനെറ്റ് ഷട്ഡൗൻ ഡോട്ട് ഇൻ എന്ന വെബ്സൈറ്റ് പുറത്ത് വിട്ട കണക്കുകളാണ് ഈ വസ്തുത പുറത്ത് കൊണ്ട് വന്നത്. ഇതുവരെ 381 തവണയാണ് രാജ്യത്ത് ഇന്റർനെറ്റ് വിഛേദിച്ചത്. 2019 ൽ 106 തവണ ഇന്റർനെറ്റ് വിഛേദിക്കുന്ന സാഹചര്യം ഉണ്ടായി. 134(2018), 79(2017), 31(2016), 14(2015), 6(2014), 5(2013), 3(2012) എന്നിങ്ങനെയാണ് മുൻവർഷത്തെ ഇന്റർനെറ്റ് വിച്ഛേദന കണക്കുകൾ. ഈ വർഷം ഇതുവരെ നിരവധി തവണ രാജ്യത്തിന്റെ പലഭാഗങ്ങളിലായി ഇന്റർനെറ്റ് നിരോധനം ഉണ്ടായി. 2019 ആഗസ്റ്റ് 4 മുതൽ 169 ദിവസമാണ് കാശ്മീരിൽ ഇന്റർനെറ്റ് നിരോധിച്ചത്. തുടച്ചയായി 6 മാസത്തോളം ഇന്ത്യയിലെ ഒരു സംസ്ഥാനത്ത് ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ല എന്നത് എത്ര ഭയാനകമാണ്! ആധുനിക ലോകത്ത് അത്യാവശ്യങ്ങളുടെ പട്ടികയിൽ ഇടംപിടിച്ച ഇന്റർനെറ്റ് സൗകര്യം അവിടെയുള്ള ജനതയെ എത്രമാത്രം പ്രയാസപ്പെടുത്തുന്നുണ്ട് എന്നത് ഊഹിക്കാവുന്നതേയുള്ളൂ. 2019 ആഗസ്റ്റ് 4 മുതൽ ഡിസംബർ 27 വരെ 145 ദിവസം നീണ്ട ഇന്റർനെറ്റ് നിരോധനമാണ് കാർഗിലിൽ ഉണ്ടായത്. 2016 ജൂലൈ 8 മുതൽ നവംബർ 19 വരെ 133 ദിവസം ജമ്മുകശ്മീരിൽ ഇന്റർനെറ്റ് വിലക്ക് നിലനിന്നിരുന്നു. 2017 ജൂൺ 18 മുതൽ സെപ്തംബർ 25 വരെ (100 ദിവസം) പശ്ചിമ ബംഗാളിലെ ദാർജലിങ്ങിൽ ഇന്റർനെറ്റ് നിരോധനം ഏർപ്പെടുത്തി. ഡിജിറ്റൽ ലോകത്തെ ഫ്രീഡം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സോഫ്റ്റ്‌വെയർ ഫ്രീഡം ലോ സെന്റർ ഇന്ത്യ (എസ്.എഫ്.എൽ സി) എന്ന സംഘടനയുടെ പിന്തുണയോടെ പ്രവർത്തിക്കുന്നതാണ് പ്രസ്തുത വെബ്സൈറ്റ്. നിയമ വിദഗ്ധർ, വിവര സാങ്കേതികവിദ്യ വിദഗ്ധർ, വിദ്യാർഥികൾ തുടങ്ങിയവരുടെ കൂട്ടായ്മ വർഷങ്ങളായി ഇന്ത്യയിൽ പ്രവർത്തനം നടത്തിവരുന്നു.

ആധുനിക ലോകത്തെ ഏതൊരാളെയും ഞെട്ടിപ്പിക്കുന്ന കണക്കുകളാണ് ഈ വെബ്സൈറ്റ് നൽകുന്നത്. ഇന്റർനെറ്റ് നിരോധനം മൂലം മണിക്കൂറിൽ രണ്ടരക്കോടി രൂപയാണ് ടെലിക്കോം കമ്പനികളുടെ വരുമാന നഷ്ടം. 9.8 ജിഗാബൈറ്റ് ഇന്റർനെറ്റ് ആണ് ഒരു മാസം ഇന്ത്യ ഉപയോഗിക്കുന്നത് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വായു, വെള്ളം, ഭക്ഷണം, പാർപ്പിടം എന്നീ അ

ത്യാവശ്യങ്ങളുടെ പട്ടികയിലാണ് ഇന്ന് ഇന്റർനെറ്റിന്റെ സ്ഥാനം. ഇന്റർനെറ്റ് നിശ്ചലമായാൽ ലോകം സ്തംഭിക്കും. ഇന്റർനെറ്റ് വിച്ഛേദനം എന്നത് ആധുനിക ലോകത്ത് തടവറ തീർക്കലാണ്. മുഴുവൻ ആശയ വിനിമയങ്ങളും ഇടപാടുകളും ഇത് തടയുന്നു. അത്കൊണ്ട് തന്നെ ലക്ഷക്കണക്കിനാളുകളെ തടങ്കലിലാക്കലാണ് ഇന്റർനെറ്റ് നിഷേധത്തിലൂടെ ഭരണകൂടം ചെയ്യുന്നത്. അത് മൗലികാവകാശത്തിന്റെ നഗ്നമായ ലംഘനമാണ്. ആവിഷ്കാര സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിട്ട്, പൗരന്റെ മൗലികാവകാശത്തിന് തടയിടുന്നത് ക്രൂരതയാണ്. കാശ്മീരിൽ കഴിഞ്ഞ 6 മാസമായി ജനങ്ങൾ മുഴുവൻ തടവിലാണ്. പരസ്പരം ആശയവിനിമയം നടത്തുവാനോ പുറംലോകവുമായി ബന്ധപ്പെടാനോ അവർക്ക് സാധ്യമല്ല. സാമ്പത്തിക ഇടപാടുകളും വ്യാപാര, ടൂറിസം മേഖലകളും അടക്കം ഒരു നാടിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലൊടിക്കുക കൂടി ചെയ്യുകയാണ് ഭരണകൂടം.

തങ്ങളുടെ സ്വാർഥ താൽപര്യങ്ങളും ഹിഡൻ അജണ്ടകളും നടപ്പിലാക്കാൻ ഒരു സംസ്ഥാനത്തെ മുഴുവൻ മനുഷ്യരുടെയും മൗലികാവകാശങ്ങൾ ഹനിക്കാൻ വരെ ഭരണകൂടം തയ്യാറാവുന്നു എന്നത് ഭീതിതമാണ്. അതിനെ തിരുത്താൻ കോടതിയുടെ ഇടപെടൽ കൊണ്ട് സാധ്യമാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം. പൗരത്വ നിയമവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒന്നരമാസത്തിൽ അധികമായി ധാരാളം തവണ സർക്കാർ ഇതേ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉത്തർപ്രദേശിൽ സർക്കാർ സ്പോൺസേർഡ് വംശീയ ഉൻമൂലന നടപടികൾ ലോകം അറിയാതിരിക്കാൻ ഇന്റർനെറ്റ് അടക്കം ആശയ വിനിമയങ്ങളുടെ മുഴുവൻ സാധ്യതകളും തടഞ്ഞുവെച്ചു സംസ്ഥാന സർക്കാർ. ഈ ക്രൂരതകൾക്കെതിരെ രാജ്യം ശക്തമായി പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത് ആധുനിക ലോകത്തിന് ഭൂഷണമല്ല; ഒരു ജനാധിപത്യ രാജ്യത്ത് പ്രത്യേകിച്ചും. ജനങ്ങൾ തെരഞ്ഞെടുത്ത ഭരണകൂടം ആ ജനങ്ങളെ ഒന്നാകെ തടവിലാക്കുന്നത് എങ്ങനെയാണ് നീതീകരിക്കാനാവുക? പൗരന്റെ മൗലികാവകാശങ്ങൾ ഉറപ്പ് വരുത്തേണ്ട ഭരണകൂടം തന്നെ അത് ഹനിക്കുന്നത് അനീതിയാണ്. ഭരണഘടനാ ലംഘനമാണ്.

ക്രമസമാധാനം നിലനിർത്താൻ എന്നൊക്കെ ന്യായം പറഞ്ഞ് ഇന്റർനെറ്റ് തടയുന്നവരും അവരെ അനുകൂലിക്കുന്നവരും ഇത് തീർക്കുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് കുറ്റകരമായ മൗനത്തിലാണ്. കുടിവെള്ളം, വൈദ്യുതി, ഭക്ഷണം, വിദ്യാഭ്യാസം, ആശുപത്രി, സാമ്പത്തിക ഇടപാടുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങി മുഴുവൻ മേഖലകളെയും ഇത് സാരമായി ബാധിക്കുന്നു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ബാധിക്കുന്ന ഈ നീക്കങ്ങൾ ന്യായീകരിക്കാവതല്ല. വികസനം വാഗ്ദാനം ചെയ്ത് അധികാരത്തിൽ വന്ന സർക്കാർ ഒരു രാജ്യത്തെ വർഷങ്ങൾ പിന്നിലേക്ക് വലിക്കുന്നതാണ് നാം കാണുന്നത്. നോട്ട് നിരോധനകാലത്തും അതിന് മുൻപും ശേഷവും ക്യാഷ്‌ലെസ്സ് ഇന്ത്യയെ കുറിച്ച് വാതോരാതെ സംസാരിച്ചവർ ഡിജിറ്റൽ ഇന്ത്യയെന്ന സങ്കൽപം മുൻഭരണാധികാരികൾ നടപ്പിലാക്കിയില്ല, ഞങ്ങൾ അത് പ്രായോഗികമാക്കും എന്ന് ഗീർവാണം മുഴക്കിയവരാണ് എന്ത് ചെറിയ കാര്യത്തിനും ഇന്റർനെറ്റ് മുടക്കി ഡിജിറ്റൽ ഇന്ത്യക്ക് തുരങ്കം വെക്കുന്നത്. ലോകത്തെ വിവിധ കമ്പനികൾ ഇന്ത്യയിലെ സമർഥരായ പൗരന്മാരുടെ കഴിവുകൾ ഉപയോഗപ്പെടുത്താൻ ഇന്റർനെറ്റ് സഹായത്തോടെ പ്രവർത്തിക്കുന്ന ഹബ്ബുകൾ നടത്തുന്ന കാലത്താണ് അതിനെയൊക്കെ തകിടം മറിക്കുന്ന നീക്കങ്ങളുമായി കേന്ദ്രസർക്കാർ തന്നെ മുന്നോട്ട് പോകുന്നത് എന്നത് വിരോധാഭാസമാണ്. പൗരന്മാരുടെ മൗലികാവകാശങ്ങളുടെ നഗ്നമായ ലംഘനം എന്നതോടൊപ്പം കഴിഞ്ഞ ഏഴ് പതിറ്റാണ്ടായി രാജ്യം നേടിയെടുത്ത വികസനവും ലോകരാഷ്ട്രങ്ങൾക്കിടയിലുള്ള സ്ഥാനവും ഇടിച്ചു താഴ്ത്തുന്ന സമീപനം കൂടിയാണിത്. ഇനിയെങ്കിലും ഇത്തരം പിന്തിരിപ്പൻ നയങ്ങളിൽ നിന്നും ഭരകൂടങ്ങൾ പിന്മാറണം. ഇത്തരം സമീപനങ്ങളിലൂടെ ഒരു രാജ്യത്തെയും അതിലെ ജനങ്ങളെയും ഇല്ലാതാക്കാം എന്നത് വ്യാമോഹം മാത്രമാണെന്നും അത് അനുവദിക്കാൻ ഞങ്ങൾ തയ്യാറല്ല എന്നുമുള്ള താക്കീതാണ് രാജ്യത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭങ്ങൾ നൽകുന്നത്.

പൗരന്റെ അവകാശങ്ങൾക്ക് ഭരണകൂടം കൂച്ചുവിലങ്ങിടുമ്പോൾ അത് തിരുത്താൻ കോടതികൾക്ക് സാധിക്കേണ്ടതുണ്ട്. ഭരണത്തിലുള്ള ഭൂരിപക്ഷത്തിന്റെ ഹുങ്കിൽ പൗരാവകാശത്തെ ചവിട്ടിമെതിക്കുന്ന ഭരണകൂടങ്ങൾ ജനാധിപത്യ സംവിധാനത്തിന് അപമാനമാണ്. അവിടെ ജനങ്ങൾക്ക് ആശ്വാസവും പ്രതീക്ഷയും നൽകേണ്ടത് നിയമ സംവിധാനങ്ങൾ തന്നെയാണ്. കോടതികൾ ഭരണഘടനാനുസൃതമായി ഇത്തരം അനീതികൾക്കെതിരെ ഇടപെടൽ നടത്തുകയും ഭരണകൂടങ്ങളെ തിരുത്തുകയും ചെയ്യാറുണ്ട്. അതാണ് പൗരന്റെ പ്രതീക്ഷയും. ആ നിലയിൽ ഇന്റർനെറ്റ് നിരോധനത്തിൽ സുപ്രീംകോടതിയുടെ ഇടപെടൽ ശ്രദ്ധേയമാണ്. അത് നടപ്പിലാക്കാൻ ഭരണകൂടം മുന്നോട്ട് വന്നത് ജനാധിപത്യത്തിന്റെ വിജയവും. രാജ്യം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിൽ നിന്ന് കരകയറാൻ ഇത്തരം ഇടപെടലുകൾ കോടതികളുടെ ഭാഗത്ത് നിന്ന് ഉണ്ടാവുകയും ഭരണകൂടം തെറ്റ് തിരുത്താൻ തയ്യാറാകും എന്ന ശുഭപ്രതീക്ഷ വച്ച് പുലർത്തുകയാണ് ഓരോ ഇന്ത്യൻ പൗരനും. അത് സഫലമാകും എന്ന് നമുക്ക് പ്രത്യാശിക്കാം അതിന് വേണ്ടി പരിശ്രമിക്കാം.

മാർച്ചിംഗ് സോംഗ്

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# നാം പിറന്ന നാടിത്

ഇന്ത്യ സ്വന്തം രാജ്യമാം
നാം പിറന്ന മണ്ണിത്
നാം കളിച്ച, നാം വളർന്ന
മാതൃരാജ്യമാണിത്

ഇവിടെ നിന്ന് ഞങ്ങളെ
തുരത്തിടുന്നോനാരെടോ
ഇല്ലയില്ല ഞങ്ങളിവിടം
വിട്ടുപോകയില്ലെടോ

വെള്ളക്കാരൻ വന്നിവിടെ
കൊള്ള ചെയ്ത നേരമിൽ
കഞ്ഞിവച്ച് കോരി നൽകി
കൂറ് കാട്ടിയ കൂട്ടരേ

വെള്ളക്കാരെ ഉയിരുനൽകി
ആട്ടിയോടിച്ചോരുടെ
തലമുറതൻ രാജ്യസ്നേഹം
ചോദ്യം ചെയ്യും മൂഢരേ

നാസിയങ്കിൾ കാട്ടിയുള്ള
നീചവഴി നീങ്ങുവാൻ
നാണമില്ലേ സങ്കികളേ
നാടിൻ ശാപ സംഘമേ

തലമുറകൾക്കപ്പുറത്തെ
രേഖതേടിയോടുവാൻ
രേഖകിട്ടിയില്ലയെങ്കിൽ
തടവറയിൽ പോകുവാൻ

ശാസനയുമായി വന്ന്
കൊലവിളിക്കും കൂട്ടരേ
ഇന്ത്യ നിങ്ങൾക്കാരു പതി-
ച്ചേകി സ്വന്തം പേരിലായ്?

ഭരണഘടന തച്ചുടച്ച്
ഭോഷ്ക് കാട്ടും കൂട്ടമേ
മരണവാറണ്ടാക്കി മാറ്റി-
ടല്ലെ നിയമമൊന്നുമെ

ജാതി മതം നോക്കി പൗരൻ-
മാരെ വേർതിരിച്ചിടാൻ
ഇഷ്ടമില്ലാത്തോരെ നാട്ടിൽ
നിന്നുമെ തുരത്തിടാൻ

ആശവെച്ച് ബില്ല് ചുട്ടെ-
ടുത്തിടുന്ന ദുഷ്ടരേ
ഒത്തൊരുമിച്ചിന്നു ഞങ്ങൾ
സമരമുഖത്താണെടോ

ചില്ലുകൂടാരത്തിൽനിന്ന്
താഴെയൊന്ന് നോക്കിടൂ
കടലിരമ്പം കേട്ടിടുന്നോ
കാതുകൾ തുറന്നിടൂ

ആർത്തിരമ്പി വന്നിടുന്ന
പൗരജാഥ കാണെടോ
ഓർത്തിരുന്നോ തൂത്തെറിയും
രാജ്യമിന്നുണർന്നെടോ

ദുർഭരണം കാഴ്ചവച്ച്
നാടിനെ മുടിച്ചിടും
സർവനാശകാരികൾക്ക്
പാരിലെന്നും ശാപമാം

ഫാസിസത്തിൻ തേറ്റകാട്ടി
ഭീതിവിതക്കേണ്ടെടോ
തോക്കു കണ്ട് തോറ്റ് പായും
എന്ന് ധരിക്കേണ്ടെടോ

ഹിന്ദു മുസ്‌ലിം ക്രിസ്ത്യനും
സിഖ് ബൗദ്ധൻ ജൈനനും
പിറവി കൊണ്ട ദേശമിതിൽ
സ്നേഹമോടെ വാണിടും

പുഷ്പവാടി തന്നിൽ ഭിന്ന
പൂക്കളെ നാം കണ്ടിടും
ഇഷ്ടമല്ലതെങ്കിൽ നിങ്ങൾ
നാട് വിട്ട് പോകെടോ...





# തീവ്രവാദം

*(മൂർച്ചയുള്ള തൂലികയുടെ ഉടമയായിരുന്നു എ.എ.ഹമീദ് കൊച്ചി. കെ.ഉമർ മൗലവിയുടെ സന്തത സഹചാരിയായിരുന്ന അദ്ദേഹം സൽസബീലിന്റെ പേജുകളിലൂടെ ആദർശത്തിന്റെ രജതരേഖ ഉയർത്തിക്കാട്ടി. രണ്ട് പതിറ്റാണ്ടുകൾക്ക് മുമ്പ് അദ്ദേഹം എഴുതിയ 'തീവ്രവാദം' എന്ന ലേഖനം സമകാലിക സാഹചര്യത്തിൽ പ്രസക്തമാണെന്നു തോന്നുന്നതിനാൽ പുനഃപ്രസിദ്ധീകരിക്കുകയാണ്. അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളോടും ചിന്തകളോടും വായനക്കാർക്ക് യോജിപ്പുണ്ടാകാം, വിയോജിപ്പുണ്ടാകാം).*

'മതമൗലികവാദം' പോലെ ഏറെ പീഡനങ്ങളേറ്റ് അവശതയിലായ ഒരു പദപ്രയോഗമാണ് 'തീവ്രവാദം.' രാഷ്ട്രീയ ശത്രുവിന്നെതിരിലും സദ്ഗുണ സാമൂഹിക ചിന്തകളെ തകർക്കുന്നതിനും മർദിതന്റെ വിലാപങ്ങളെ വികൃതമാക്കാനും ഈ പദം ഉപയോഗിക്കപ്പെട്ടു. 'തീവ്രവാദം' ഇല്ലാതെ പത്രകോളങ്ങൾ സമ്പന്നമാകുകയില്ലെന്ന ധാരണ പരന്നു.

എന്താണ് 'തീവ്രവാദം?' തീക്ഷ്ണമായ, കടുപ്പമേറിയ, ഭയാനകമായ വാദഗതികളെയാണ് ഇത് കൊണ്ട് അർഥമാക്കുന്നത്. സാമാന്യമായി പറഞ്ഞാൽ അതിരുവിട്ടതും അപകടകരവുമായ ന്യായങ്ങൾ. ആവർത്തനങ്ങളിലൂടെ ഇത് തീവ്രവാദമായിത്തീരും. കഴിവും സ്വാധീനവും സമന്വയിച്ചാൽ ഭീകര-ഭയാനകമായ രൂപാന്തരങ്ങളിൽ കലാശിക്കുകയും ചെയ്യും. ആദർശവീഥിയിലും സാമൂഹിക തലത്തിലും വിദൂര ദോഷഫലങ്ങൾ സൃഷ്ടിച്ച് നൂറ്റാണ്ടുകൾ പിന്നിട്ടാലും മുറിവുകൾ ഉണങ്ങാത്ത ഭീകരത ഇതുമൂലം ഉളവാകുന്നു.

മതങ്ങൾ തീവ്രവാദത്തിന്റെ അറകളാണെന്ന് ഭൗതികന്മാർ ആവലാതിപ്പെടുന്നു. മതത്തിന്റെ തണലിൽ രൂപംകൊള്ളുന്ന വർഗീയതയാണ് ഇതിനു തെളിവ്. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട സാഹചര്യങ്ങളിൽ മുസ്‌ലിം ഭരണകൂടങ്ങൾക്കെതിരായി പല നാടുകളിലും ഉയർന്നുവന്ന 'ജിഹാദ്' ക്രമേണ ഗ്രൂപ്പുകളായി വേർപിരിഞ്ഞും പോരടിച്ചും കൊന്നുതീർക്കുന്ന തീവ്രതയിലാണ് പരിണമിക്കുന്നത്. അഫ്ഗാനിസ്ഥാൻ സമീപകാല ഉദാഹരണം തന്നെ.

മനുഷ്യചരിത്രം ആരംഭിക്കുന്നതു തന്നെ തീവ്രവാദത്തിലാണ്. ആദമിന്റെ ഒരു മകൻ സ്വസഹോദരനെ അന്യായമായി വധിച്ചു. മനുഷ്യർക്ക് നേർവഴി കാണിക്കുവാൻ വന്ന സത്യസമ്പൂർണരും മിതവാദികളുമായ ദൈവദൂതന്മാർ കൊല്ലപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തു. യുഗങ്ങളിലൂടെ ചരിത്രം പരതിയാൽ ബഹുദൈവത്വവാദം പോലെ തീക്ഷ്ണമായ തീവ്രവാദം വേറെ ഇല്ലെന്നു തന്നെ പറയാം. അന്ധവിശ്വാസങ്ങളുടെ കലവറയും ദുരാചാരങ്ങളുടെ വിളഭൂമിയുമാണ് ബഹുദൈവവാദം.

സത്യം ഒന്നു മാത്രം. ലളിതവും ന്യായവുമാണത്. ലോകസ്രഷ്ടാവ് ഏകൻ മാത്രം. അതിനാൽ ദൈവമാകാൻ(ആരാധ്യൻ) അർഹനായത് അവൻ മാത്രം. സുന്ദര സമ്പൂർണമായ ഈ പരമസത്യത്തിലേക്ക് മനുഷ്യമനസ്സുകളെ ഒന്നിപ്പിക്കുന്ന ദൗത്യവുമായിട്ടാണ് ദൈവദൂതന്മാർ വന്നത്. നിസ്വാർഥരും സദ്ഗുണ സമ്പന്നരുമായിരുന്നു അവർ. പക്ഷേ, ചരിത്രത്തിലേറ്റവും ക്ലേശമനുഭവിച്ചവരും പീഡനങ്ങൾക്കിരയായവരും അവർ തന്നെ!

സത്യമതത്തിൽനിന്നുള്ള വ്യതിചലനങ്ങളാണ് മതങ്ങളുടെ ആധിക്യത്തിന് ഹേതു. മതങ്ങളുടെ വർധനവുകൾ വർഗീയതക്ക് നിമിത്തമായി. വർഗീയത ഭയാനകമായ തീവ്രവാദമാണ്. വ്യക്തികളും കുടുംബങ്ങളും സമൂഹങ്ങളും രാഷ്ട്രങ്ങളും തമ്മിലുണ്ടായ സംഘട്ടനങ്ങളുടെ ചരിത്രം ഇതിന് സാക്ഷിയാണ്.

പൗരോഹിത്യം വർഗീയതയുടെ പിതൃത്വം വഹിക്കുന്നു. മനുഷ്യകുലത്തിന്റെ നിത്യശാപവും തീവ്രവാദവുമാണ് പൗരോഹിത്യം. യുഗാന്തരങ്ങളിലൂടെ ഈ ശാപം മനുഷ്യനെ പിന്തുടരുന്നു. അഥവാ മനുഷ്യൻ അതിനെ പിന്തുടരുന്നു.

ഭരണാധിപന്മാർക്ക് ദിവ്യത്വത്തിന്റെ പരിവേഷം ചാർത്തിയത് പൗരോഹിത്യത്തിന്റെ കുത്സിതമായ കെണിയായിരുന്നു. ആ കെണിയിൽ സമൂഹം കുടുങ്ങി. ഇരുവിഭാഗവും കൂട്ടുചേർന്ന് അന്ധവിശ്വാസികളായ ജനത്തെ അടിമകളാക്കി. ഈ അടിമത്തം മോക്ഷത്തിന്റെ മാർഗമായി ജനം ഏറ്റുവാങ്ങി. ഈ ദുഷ്ടമുന്നണിയുടെ പരിണാമം ചിലപ്പോഴെങ്കിലും ദുരന്തപൂർണമായ പാടുകൾ സൃഷ്ടിച്ചു. ഫ്രഞ്ച് വിപ്ലവം ഒരു രേഖയാണ്. പതിനായിരക്കണക്കിന് പുരോഹിതന്മാരെ ജനം ക്രൂരമായി കൊന്നൊടുക്കിയ ഒരു കാലം വേറെയുണ്ടാവില്ല. ചക്രവർത്തിയുടെയും രാജ്ഞിയുടെയും പുരോഹിതവർഗത്തിന്റെയും രക്തം ഫ്രാൻസിന്റെ തെരുവുകളിൽ ചാലുകൾ സൃഷ്ടിച്ചു.

ഭയാനകമായ പാഠങ്ങൾ, പൗരോഹിത്യ ബന്ധങ്ങളിൽനിന്നും രാഷ്ട്രീയത്തെ മോചിപ്പിക്കുവാൻ ബുദ്ധിജീവികളെ നിർബന്ധിതരാക്കി. മതവും രാഷ്ട്രവും യൂറോപ്പിൽ രണ്ടായി. രാഷ്ട്രനിർമാണ പ്രക്രിയയിൽ മതം ഇടപെടരുതെന്നുള്ള തീരുമാനത്താലാണ് ബ്രീട്ടീഷ് രാജത്വം അധികാരമില്ലാത്ത അലങ്കാരമായി ഭവിച്ചതും ചർച്ചും പാർലമെന്റും രണ്ടായി വേർപിരിഞ്ഞതും.

പക്ഷേ, മറ്റൊരു തീവ്രവാദത്തിന്റെ തുടക്കം കുറിക്കലായിരുന്നു ഇത്. 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്!' സാഹചര്യ തെളിവുകളുടെ പിൻബലത്തിൽ മാർക്സിസവും അതിന്നാധാരമായ വൈരുധ്യാധിഷ്ഠിത ഭൗതികവാദവും ഉയർന്നുവന്നു. രാജ-പൗരോഹിത്യം വളർത്തിയ തീവ്രതയുടെ ദുഷ്ഫലമായിരുന്നു ഇത്. വർഗസംഘട്ടനങ്ങളുടെ സാങ്കൽപിക പ്രമാണങ്ങളിലൂടെ 'ഉള്ളവനെ' ഉന്മൂലനം ചെയ്യാൻ 'ഇല്ലാത്തവനെ' ആവേശംകൊള്ളിച്ച വാദം. സാമ്പത്തിക ഉച്ചനീചത്വത്തിൽനിന്നും സ്ഥിതിസമത്വത്തിലേക്ക് സമൂഹത്തെ പരിവർത്തിപ്പിക്കാമെന്ന വ്യാമോഹം! ലക്ഷങ്ങളെ നിഷ്‌കരുണം കൊന്നൊടുക്കി. കോടാനുകോടികൾ ത്യാഗപൂർവം പണിയെടുത്തു. അഥവാ പണിയെടുപ്പിച്ചു. കേവല ഭൗതിക സുഖം മാത്രം പ്രചരിപ്പിച്ച നിരീശ്വരത്വം 'മരണശേഷം ശൂന്യത' എന്ന ദൈവനിഷേധം പ്രകടമാക്കി.

എല്ലാം തകർന്നു. പണിതുയർത്തിയ രാഷ്ട്രങ്ങൾ വീണുടഞ്ഞ ചഷകം പോലെ ചിന്നിച്ചിതറി. ദുൻയാവും ആഖിറവും നഷ്ടപ്പെട്ട യാഥാർഥ്യം അനുഭവിച്ചറിഞ്ഞ ജനത കാലം വൈകിയതോർത്ത് കണ്ണീർ പൊഴിച്ചു. തകർന്നു ചിതറിയ ഭൂമിയിലെ 'സ്വർഗങ്ങൾ' ഭയാനകമായ തീവ്രവാദത്തിന്റെ ചരമക്കുറിപ്പുകളാണ്.

ആര്യവർഗത്തിന്റെ ആധിപത്യമെന്ന വർഗീയതയിൽനിന്നാണ് ഫാസിസം ഉൽഭവിച്ചത്. 1930കളിൽ ഈ തീവ്രവാദം യൂറോപ്പിൽ വളർന്നു. പിന്നീട് ലോകാധിപത്യം എന്ന അത്യാഗ്രഹത്തിലേക്ക്

അതുയർന്നു. ഇറ്റലിയിൽ മുസോളിനിയും ജർമനിയിൽ ഹിറ്റ്ലറും ചേർന്നുണ്ടായ ഫാസിസ്റ്റ് മുന്നണി ലോകമാകെ നാശം വിതറി. ലക്ഷക്കണക്കിനു യഹൂദരെ അത് ഉന്മൂലനം ചെയ്തു. ചരിത്രത്തിന് മറക്കാനും തിരുത്താനും കഴിയാത്ത ഒരു ലോകമഹായുദ്ധം അതിൽനിന്നുണ്ടായി. അനേകലക്ഷം നിരപരാധികൾ കൊല്ലപ്പെട്ടു. കോടാനുകോടി മനുഷ്യർ ബഹുവിധ യാതനകൾക്കിരയായി. ജപ്പാനിലെ വ്യവസായ നഗരങ്ങളായ ഹിരോഷിമയും നാഗസാക്കിയും ആറ്റം ബോംബിന്റെ കൊടും നശീകരണത്തിനു വിധേയമായി. തലമുറകൾ മാറിനിന്നപ്പോഴും അണുബാധയുടെ തിക്തഫലങ്ങൾ മനുഷ്യർ അവിടെ ഏറ്റുവാങ്ങുകയാണ്. ഫാസിസം എന്ന തീവ്രവാദം വരുത്തിയ വിന ഇനിയും എത്രകാലം ലോകം പേറേണ്ടിവരും!

ഫാസിസം വിവിധ നാമത്തിലും വർണത്തിലും ഇന്ത്യയിൽ ഉയിർത്തെഴുന്നേൽക്കുകയാണ്. മത വിശ്വാസത്തിന്റെ മറവിൽ ആവിഷ്കരിച്ച വർണാശ്രമ വ്യവസ്ഥ ഫാസിസത്തിനു പുതിയ രൂപത്തിൽ തണലേകുന്നു. ആര്യവർഗത്തിന്റെ സാമൂഹികാധിപത്യം രാഷ്ട്ര സംവിധാനത്തിൽ സ്ഥിരപ്പെടുത്താൻ മെനഞ്ഞെടുത്ത ചാതുർവർണ്യനിയമത്തിന് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മനുഷ്യകോടികൾ തലമുറകളായി ഇതുമൂലം നരകയാതന അനുഭവിച്ചുവരികയാണ്.

ജന്തുമൃഗാദികൾക്ക് വിഹരിക്കാൻ സ്വാതന്ത്ര്യമുള്ളേടത്തു പോലും മനുഷ്യന് പ്രവേശനം നിരോധിക്കപ്പെട്ട ആദർശ വൈകൃതമാണ് ചാതുർവർണ്യം. ദൈവ വിശ്വാസത്തിന്റെ പേരിൽ കെട്ടിവെച്ച ഈ തീവ്രവാദം ആര്യൻമാരുടെ സ്വാർഥ മോഹങ്ങളുടെ ജാരസന്തതിയാണ്. ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ പടിപ്പുരയിൽ ശാസ്ത്ര-സാങ്കേതിക വിജ്ഞാനത്തിന്റെ അഹന്തയുമായി ലോകം നിൽക്കുമ്പോഴും ഇന്ത്യയിലെ വർഗങ്ങൾ സവർണ ഫാസിസത്തിന്റെ ദ്രംഷ്ടകളിൽ നിന്നും മോചനത്തിനായി കേഴുന്നു.

നൂറ്റാണ്ടുകൾ അടിച്ചമർത്തപ്പെട്ട വർഗങ്ങൾക്ക് സാമൂഹിക നീതി ഉറപ്പുവരുത്താൻ നടപ്പാക്കിയ മണ്ഡൽ കമ്മീഷൻ ശുപാർശകൾ തങ്ങളുടെ ആധിപത്യ പാരമ്പര്യത്തിന് കടുത്ത ഭീഷണിയാകുമെന്ന് തിരിച്ചറിഞ്ഞ ഫാസിസ്റ്റുകൾ അത് നടപ്പിലാക്കിയ ധീരനായ ഭരണാധിപനെ തട്ടിവീഴ്ത്തി മൂലയിലൊതുക്കിയിട്ടും അടങ്ങിയില്ല. വിവിധ വേഷങ്ങളണിഞ്ഞ് ഫാസിസം ഭാരതഭൂമിയുടെ പൂർവകാല അവസ്ഥ വീണ്ടെടുക്കാൻ ശ്രമം തുടരുന്നു. ആർ.എസ്.എസ് എന്ന തീവ്രവാദ പ്രസ്ഥാനത്തിന്റെ ആഗ്രഹ സഫലീകരണത്തിന്നു വെമ്പുന്ന ഘടകങ്ങൾ ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും ഉദ്യോഗ മണ്ഡലങ്ങളിലും സുരക്ഷാസംവിധാനങ്ങളിലും ചേക്കേറിയിട്ടുണ്ട്.

ആർ.എസ്.എസിന്റെ ജന്മയിതാവ് ഡോ.ഹെഗ്ഡെവാർ ഉയർത്തിവിട്ട വർഗീയ വികാരം പരസ്യമായി ചുമലിലേറ്റിയ ജനസംഘം ഇപ്പോൾ ഭാരതീയ ജനതാ പാർട്ടിയെന്ന പേരിൽ രൂപാന്തരപ്പെട്ടു. മറാഠി വർഗീയത ഇളക്കിയുയർത്തി ഫാസിസത്തിന്റെ ഭീകരരൂപം പ്രദർശിപ്പിക്കുന്ന മറ്റൊരു സംഘമാണ് ബൽതാക്കറെയുടെ ശിവസേന. ബി.ജെ.പി, ശിവസേനാ അവിശുദ്ധ ബന്ധം 'ഗെയ്റ്റ് വേ ഓഫ് ഇന്ത്യ'യുടെ ആസ്ഥാനം അടക്കി വാഴുന്നു. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ബാബരി മസ്ജിദ് അധികാരിവർഗത്തിന്റെ പിന്തുണയോടെ തല്ലിത്തകർക്കാനും നാടൊട്ടുക്കും മുസ്ലിംകളെ കൂട്ടക്കൊല ചെയ്യാനും അവരുടെ സമ്പത്തുക്കൾ നശിപ്പിക്കാനും ഫാസിസ്റ്റുകൾക്ക് ഒരു പ്രയാസവും നേരിടേണ്ടിവന്നില്ല. ഈ ഭീകരതക്ക് തണൽ നൽകിയ ഭരണാധിപന്മാർ മതേതരത്വത്തിന്റെ മുഖംമൂടിയണിഞ്ഞു ഡോ.ഹെഗ്ഡെവാറിന്റെ സ്വപ്നങ്ങളെ യാഥാർഥ്യമാക്കാൻ പ്രയാണമാരംഭിച്ചുകഴിഞ്ഞു.

'പരമപൂജനീയ ഹെഗ്ഡെവാർ' (പ്രസാധകൻ പി. എം.കെ. രാജ, കോഴിക്കോട്, 1958) എന്ന ഗ്രന്ഥത്തിൽ പറയുന്നു: "ഹിന്ദുത്വം മാത്രമാണ് ഭാരതത്തിലെ യഥാർഥ രാഷ്ട്രീയതത്ത്വം എന്ന സിദ്ധാന്തം അദ്ദേഹത്തിന്റെ ചിന്താഗതിയിൽ സ്ഥാനം നേടിയിരുന്നു..... ഓരോ ഹിന്ദുവിന്റെയും ഹൃദയത്തിൽ മഹത്തായ ഹിന്ദുരാഷ്ട്രത്തിന്റെ ഘടകമാണ് ഞാൻ എന്ന ഭാവന ഉണർത്തണം എന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം" (പേജ് 17).

ഈ ഭാവന ഉണർത്തുകയാണ് ബി.ജെ.പിയും ശിവസേനയും. ഈ അഭിലാഷം സാക്ഷാത്കരിക്കുകയാണ് ഭരണമണ്ഡലങ്ങളിൽ ചേക്കേറിയ കപടഗാന്ധിയന്മാർ. മസ്ജിദ് തകർത്ത് പകരം രാമക്ഷേത്രം കെട്ടിയുയർത്തി ഹെഗ്ഡെവാറിന്റെ ഭാവനയ്ക്ക് യാഥാർഥ്യത്തിന്റെ ചിറകുകൾ നൽകിക്കഴിഞ്ഞു. ഹിന്ദുക്കളായ പട്ടാളക്കാരെ തെരഞ്ഞെടുത്ത് 'രാമസ്ഥാൻ' സംരക്ഷിച്ചുവരുന്ന ഭരണകൂടത്തിന്മേൽ ഹെഗ്ഡെവാറിന്റെ 'പ്രേതം' ആവാഹിച്ചുകഴിഞ്ഞു. തീവ്രവാദത്തിന്റെ തീനാമ്പുകൾ മതേതര ഭാരതത്തിന്റെ അവയവങ്ങളെ വേവിച്ചുകൊണ്ടിരിക്കുന്നു. 'വിശാലഹിന്ദു ഐക്യം' ഒരു മധുരം കലക്കിയ വിഷശബ്ദമാണ്. അധഃസ്ഥിത വർഗത്തെ തലോടിയും ആലിംഗനം ചെയ്തും വിനഷ്ടമായ സർവാധിപത്യ

ത്തിന്റെ സംസ്ഥാപനത്തിനു വേണ്ടി ഫാസിസം പുതിയ വേഷങ്ങൾ അണിയുന്നു. ഫാസിസം ഉഗ്രവിഷം പേറുന്ന തീവ്രവാദം തന്നെ!

ഭൂമിയിൽ മനുഷ്യൻ ജീവിതം ആരംഭിച്ചതു മുതൽ ഇസ്‌ലാം അവനോടൊത്തുണ്ട്. അവിവേകികളായ മനുഷ്യർ അതിർവരമ്പുകൾ ഭേദിക്കുമ്പോഴൊക്കെയും ദൈവദൂതന്മാർ അവരെ ചൊവ്വായ പാതയിലേക്ക് ക്ഷണിച്ചു. ആ പാതയാണ് ഇസ്‌ലാം. അതിലൂടെ നടന്നുപോയവർക്ക് വിജയം. അതിർവിട്ടവർക്ക് നാശവും. സുഖങ്ങൾ ആസ്വദിക്കാം. അതിർകവിയരുത്. ക്ലേശങ്ങളിൽ സഹനം പാലിക്കണം. ക്ഷമകേട് കാണിച്ച് അവിടെയും അതിരു വിടരുത്. തീവ്രത വെടിഞ്ഞു മധ്യമനില അവലംബിക്കണം. അധികാരത്തിലായാലും അധീനതയിലായാലും മധ്യമ സമുദായമാകുക. ക്വുർആൻ പറഞ്ഞു: "നിങ്ങളെ നാം ഒരു മധ്യമ സമുദായമാക്കിയിരിക്കുന്നു" (2:143). "മതവിഷയങ്ങളിൽ അതിർ കവിയരുത്" (4:171).

പ്രവാചക ശൃംഖല മുഹമ്മദ് നബിﷺയിൽ അവസാനിച്ചു. പക്ഷേ, നബിചര്യ സമഗ്രമായി രേഖപ്പെട്ടിരിക്കുന്നു. സർവത്ര സമഗ്രതയിൽ സ്ഥിരപ്പെട്ട മറ്റൊരു മനുഷ്യന്റെയും ചരിത്രം ലോകത്ത് വേറെയില്ല. പ്രാചീനരോ ആധുനികരോ ഇങ്ങനെ സ്മരിക്കപ്പെടുന്നില്ല. അപ്പോൾ ഇനിയൊരു പ്രവാചകന്റെ ആവശ്യം ഉദിക്കുന്നില്ല. വിശുദ്ധ ക്വുർആൻ തനിമ നഷ്ടപ്പെടാതെ സുരക്ഷിതമാണ്. സർവത്ര വിപ്ലവങ്ങളും തിരുത്തൽവാദങ്ങളും ക്വുർആൻ അതിജീവിച്ചു. കയ്യെഴുത്തിലൂടെ, അച്ചടിയിലൂടെ, മനുഷ്യഹൃദയങ്ങളിലൂടെ അത് ഭദ്രമാണ്. ലോകചരിത്രത്തിൽ ഇങ്ങനെ നിലനിൽക്കുന്ന മറ്റൊരു ഗ്രന്ഥമില്ല. അപ്പോൾ ഇനിയൊരു ഗ്രന്ഥത്തിന്റെ ആവശ്യമെന്ത്?

പക്ഷേ, സ്വാർഥത മനുഷ്യന്റെ കൂടപ്പിറപ്പാണല്ലോ! പിശാച് അവർക്ക് വഴിയൊരുക്കും. പുതിയ വാദങ്ങൾ ഉയർന്നു. രാഷ്ട്രീയ സ്വാർഥതയിൽനിന്നാണ് മതരംഗത്ത് കുഴപ്പമാരംഭിച്ചത്. പല ന്യായവാദങ്ങളും തീവ്രവാദങ്ങളായി പരിണമിച്ചു.

ഇതിൽ ഏറ്റവും ഗുരുതരമായിരുന്നു 'ശിയാഇസം'. പ്രവാചക വിയോഗത്തിനു ശേഷം മുസ്‌ലിംകൾ കൂടിയാലോചിച്ച് പുതിയ നേതാവിനെ നിയോഗിച്ചു. അബൂബക്കർ رضي الله عنه മതനേതാവും ഭരണാധിപനുമായി. ഇസ്‌ലാമിന്റെ ബദ്ധവൈരികളായ യഹൂദികൾക്ക് ഈ ഐക്യദാർഢ്യം അസഹ്യമായി. അബ്ദുല്ലാഹിബ്നു സബഅ് എന്ന ജൂതൻ മുസ്‌ലിം വേഷത്തിൽ കടന്നുകൂടി പ്രവാചകന്റെ പേരിൽ നുണ പ്രചരിപ്പിച്ചു.

"എല്ലാ നബിമാർക്കും അനന്തരാവകാശികളുണ്ട്. എന്റെ പിൻഗാമി അലിയ്യ് ആകുന്നു"- ഇങ്ങനെ നബിﷺയുടെ പേരിൽ വ്യാജവാക്കുകൾ ഇയാൾ പ്രചരിപ്പിച്ചു. പ്രവാചക കുടുംബത്തോടുള്ള സമൂഹത്തിന്റെ അദമ്യമായ സ്നേഹം വിദഗ്ധമായി ചൂഷണം ചെയ്യപ്പെട്ടു. ചുണ്ടുകളിലും കാതുകളിലുമായി ഈ




കളവ് പരന്നു. ശുദ്ധാത്മാക്കളായ കുറെ പേർ ചതിയിൽ വീണു. അതിർവിട്ട വാദം ക്രമേണ ഒരു പ്രസ്ഥാനമായി വളർന്നു. അസഹ്യമായ തീവ്രവാദമായി പരിണമിച്ചു. മൂന്നാം ഖലീഫ ഉസ്മാൻ رضي الله عنه വിന്റെ ക്രൂരമായ വധത്തോടെ ഈ തീവ്രവാദത്തിന്റെ ഭീകരരൂപം വെളിപ്പെട്ടു. തുടർന്ന് അലി رضي الله عنه ഏറ്റെടുത്ത നേതൃത്വം അംഗീകരിക്കാൻ ഒരു വിഭാഗം തയ്യാറായില്ല. അങ്ങനെ മുആവിയയും ഭരണാധിപനായി. ഇതോടെ ഇസ്‌ലാമിക സമൂഹത്തിന്റെ നേതൃത്വം രണ്ടായി. പിന്നീട് ഒരിക്കലും അത് 'ഒന്നി'ലേക്ക് തിരിച്ചുവന്നിട്ടില്ല.

തീവ്രവാദം എത്ര ഭീകരമാണ്! ശാഖോപശാഖകളായി അത് വളർന്നു. അലി رضي الله عنه വിനോടുള്ള സ്നേഹാദരവുകൾ വഴിതെറ്റി നേതൃത്വം, പ്രവാചകത്വം, ദിവ്യത്വം... ഇങ്ങനെ അപഥസഞ്ചാരത്തിലൂടെ നീങ്ങി. ഒടുവിൽ അലി رضي الله عنه വിനെ അവതാരമായി വാഴ്ത്തുന്ന ഭയങ്കരമായ ശിർക്കിലും കുഫ്റിലും അതകപ്പെട്ടു. 'ശീഅത്തു അലി' (അലി കക്ഷി) ഓരോ വാദമുഖങ്ങളുമായി ഭിന്നിച്ചു. പല അവാന്തര വിഭാഗങ്ങളായി. ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ ഖലീഫമാരും പ്രവാചകന്റെ മഹിത ശിഷ്യൻമാരുമായ അബൂബക്കർ رضي الله عنه, ഉമർ رضي الله عنه എന്നിവരുടെ മേൽ ശാപവാക്കുകൾ ചൊരിയുന്നത് ശിയാക്കളുടെ മതചടങ്ങായി ഭവിച്ചു. വീരാരാധനയിൽനിന്നുത്ഭവിച്ച അതിർലംഘനം തിരിച്ചുവരാൻ കഴിയാത്ത്ര വിദൂരതയിലേക്ക് അതിശീഘ്രം പാഞ്ഞുപോയി. തീവ്രവാദം അതിഭീകരവും ആദ്യന്തം അപകടകരവുമാണ്. **(അപൂർണം).**

ടി.കെ.അശ്റഫ്
thorakkattilashraf@gmail.com



# സ്വപ്ന ഭൂമിയിൽനിന്ന് കർമഭൂമിയിലേക്ക് ഉണരുക

ഇന്ത്യയുടെ ആകാശത്ത് വർഗീയതയുടെയും വിദ്വേഷത്തിന്റെയും കാർമേഘം ഉരുണ്ട് കൂടിയിരിക്കുകയാണ്. അതിന്റെ അസ്വസ്ഥതയിൽ വിങ്ങുകയാണ് ഇന്ത്യൻ ജനത. ഇന്ത്യൻ ജനതയെ മതപരമായി വിഭജിക്കുന്ന കരിനിയമത്തിനെതിരെ രാജ്യത്ത് അലയടിക്കുന്ന ജനാധിപത്യ സമരങ്ങളോട് ആരും പുറംതിരിഞ്ഞ് നിന്നുകൂടാ.

രാജ്യത്ത് അറിയപ്പെടുന്ന യൂണിവേഴ്സിറ്റികളും നഗരങ്ങളിലും ഉത്തർപ്രദേശിന്റെ ഉൾഗ്രാമങ്ങളിൽ പോലും സമരക്കാർക്ക് നേരെ പോലീസ് നടത്തിയ അതിക്രമങ്ങളെ എങ്ങനെയാണ് ഭരണകൂടത്തിന് ന്യായീകരിക്കാനാവുക?

നോട്ട് നിരോധനം, മുത്ത്വലാക് നിയമം, കാശ്മീരിന്റെ പ്രത്യേക അധികാരം എടുത്ത് കളയൽ, ആൾക്കൂട്ട ആക്രമണങ്ങൾ, സ്ത്രീപീഡനങ്ങൾ എന്നിവയിലെല്ലാം കുറ്റകരമായ മൗനത്തിലാണ്ടുപോയ മതേതര സമൂഹം പൗരത്വവിഭജനത്തിനെതിരെ ഒന്നിച്ചെഴുന്നേറ്റ് നിന്ന് ഇന്ത്യൻ തെരുവുകൾ ഇളക്കിമറിക്കുന്നത് കാണുമ്പോൾ ഈ രണ്ടാം സ്വാതന്ത്ര്യസമരം പകുതി വിജയിച്ചുവെന്നാണ് പറയാനുള്ളത്.

ഇരു സഭകളിലും സഭക്ക് പുറത്തും ഈ കരിനിയമത്തിനെതിരെ ശക്തമായി സമരത്തിൻ പോർമുഖം തുറക്കാൻ മുന്നിൽ നിന്ന രാഷ്ട്രീയ നേതാക്കൾ, എം.പിമാർ, എൻ.ആർ.സി നടപ്പാക്കില്ലെന്നും എൻ.പി.ആർ നിർത്തിവെക്കുമെന്നും പ്രഖ്യാപിച്ച നമ്മുടെ സംസ്ഥാനത്തിന്റെതടക്കമുള്ള മുഖ്യമന്ത്രിമാർ, ചരിത്രകാരന്മാർ, കലാകാരന്മാർ തുടങ്ങി എല്ലാവരെയും ഈ രാജ്യത്തെ സ്നേഹിക്കുന്ന പൗരന്മാർ അകൈതവമായി അഭിനന്ദിക്കേണ്ടതുണ്ട്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പൗരത്വ ഭേദഗതി നിയം വന്നതു മുതൽ വളരെ ജാഗ്രതയോടെയാണ് കാര്യങ്ങൾ കൈകാര്യം ചെയ്തത്. മുസ്‌ലിം സമുദായം മാത്രം തെരുവിലിറങ്ങി ഇതൊരു മുസ്‌ലിം പ്രശ്നമാക്കി മാറ്റരുത് എന്ന നിലപാട് സംരക്ഷിക്കാനുള്ള നേതൃപരമായ ഇടപെടലുകൾക്കാണ് മുൻഗണന നൽകിയത്. ഇതിനായി സമുദായ നേതാക്കളെയും ഇടത്, വലത് മുന്നണികളെയും ബന്ധപ്പെട്ട് ആശയവിനിമയം നടത്തിയിട്ടുണ്ട്.

പൗരത്വ ഭേദഗതി നിയമം പ്രത്യക്ഷത്തിൽ മുസ്‌ലിം സമുദായത്തെയാണ് ബാധിക്കുന്നതെങ്കിലും ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതേതരത്വം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങൾക്ക് നേരെയുള്ള പോർവിളികൂടിയാണ്.

ഇന്ത്യൻ മതേതരത്വത്തിന്റെ ന്യൂക്ലിയസായ നാനാത്വത്തിൽ ഏകത്വം എന്നതിന്റെ നട്ടെല്ലിനാണ് ഇപ്പോൾ പരിക്ക് പറ്റിയിരിക്കുന്നത്. അതിനാൽ തന്നെ ഈ സമരപോരാട്ടം ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിലുള്ളതല്ല; മതേതര ഇന്ത്യയും ഫാഷിസവും തമ്മിലുള്ളതാണ്. ഏകാധിപത്യവും ജനാധിപത്യവും തമ്മിലുള്ള പോരാട്ടമാണ്.

ഇതിനെ കേവലം സാമുദായിക പ്രശ്നമാക്കി ചുരുക്കാനുള്ള ശ്രമങ്ങളെ ശക്തമായി ചെറുക്കണം. രാഷ്ട്രീയമായാണ് ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടത്. മതസംഘടനകൾ അതിന് ഊർജം പകരുകയാണ് വേണ്ടത്.

സമരത്തിൽ മുന്നോട്ടുവെക്കുന്ന ആവശ്യങ്ങളും മുദ്രാവാക്യങ്ങളും സുചിന്തിതമായിരിക്കണം. എൻ.ആർ.സി, സി.എ.എ എന്നിവയിൽ ഇളവുവരുത്തുകയല്ല നമ്മുടെ ആവശ്യം; സി.എ.എ റദ്ദ് ചെയ്യുകയും എൻ.ആർ.സി യിൽ നിന്ന് പിൻതിരിയുകയും ചെയ്യലാണ്.

എൻ.ആർ.സി, സി.എ.എ എന്നിവ പിൻവലിക്കലാണ് എൻ.പി.ആർ തുടങ്ങാനുള്ള ഏക പരിഹാരം. അല്ലാത്ത പക്ഷം എൻ.ആർ.സി ക്കുവേണ്ടി എൻ.പി.ആർ ദുരുപയോഗം ചെയ്യുമെന്ന കാര്യത്തിൽ രണ്ട് അഭിപ്രായമില്ല.

സമരപരിപാടികൾ ജനാധിപത്യ മര്യാദകൾ അതിലംഘിച്ചുകൊണ്ടാവരുത്. രാജ്യത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സമരം നയിക്കേണ്ടതിന്റെ ലക്ഷ്യവും മാർഗവും ഈ പ്രസ്ഥാനത്തിന്റെ മുൻഗാമികൾ പ്രയോഗവൽക്കരിച്ച് കാണിച്ചുതന്നിട്ടുണ്ട്.

മുജാഹിദ് പ്രസ്ഥാനത്തിന്റെ മുൻഗാമികളും സ്വാതന്ത്ര്യസമര സേനാനികളുമായ ഇ.മൊയ്തു മൗലവി, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, കെ.എം സീതി സാഹിബ്, കെ.എം മൗലവി തുടങ്ങിയവരുടെ ജീവിതം അതിന്റെ നേർസാക്ഷ്യമാണ്.

മുജാഹിദ് നേതാക്കൾ മുമ്പേകാണിച്ച മാർഗത്തിൽ ഈ ചരിത്ര ദൗത്യം ഏറ്റെടുത്ത് പൗരത്വ വിഭജനത്തിനെതിരെ 'ചേർന്ന് നിൽക്കുക, ചെറുത്ത് തോൽപിക്കുക' എന്ന പ്രമേയവുമായി വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ദേശരക്ഷാ സമ്മേളനങ്ങൾ സംഘടിപ്പിച്ച് വരികയാണ്. ഇതൊരു തുടക്കമല്ല; തുടർച്ചയാണ് എന്നർഥം.

പാഠപുസ്തകത്തിലൂടെ വർഗീയതയുടെ വിത്ത് വിതച്ചപ്പോൾ 'വർഗീയവൽകരിക്കപ്പെടുന്ന പാഠപുസ്തകത്തിനെതിരെ' മുജാഹിദ് വിദ്യാർഥിഘടകം കടമ നിർവഹിച്ചിട്ടുണ്ട്.

ബാബരി മസ്ജിദ് തകർത്ത സാഹചര്യത്തിൽ ഇന്ത്യയിൽ വർഗീയത ആളിക്കത്തിയപ്പോൾ പാലക്കാട് കോട്ടമൈതാനിയിൽ 'മതം മനുഷ്യസൗഹാർദത്തിന്' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച മുജാഹിദ് സംസ്ഥാന സമ്മേളനം രാജ്യത്തെ സമാധാനത്തിലേക്ക് ദിശതിരിക്കുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്.

ഭൂരിപക്ഷ വർഗീയതക്ക് ന്യൂനപക്ഷ തീവ്രവാദമാണ് പരിഹാരമെന്ന തെറ്റായ ആശയം മുസ്‌ലിം യുവാക്കളിൽ സ്വാധീനിച്ചപ്പോൾ, യുവജന സംഘടന നടത്തിയ 'ഇസ്‌ലാം തീവ്രവാദത്തിനെതിരെ' എന്ന കാംപയ്ൻ യുവാക്കളെ വിചാരതലത്തിലേക്ക് നയിക്കാൻ കാരണമായി.

കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിന്റെ സമയത്ത് മതേതര വോട്ടുകൾ ഭിന്നിക്കരുതെന്ന സന്ദേശം നൽകിക്കൊണ്ട് വിസ്ഡം സംഘടിപ്പിച്ച 'ഒരേ ഒരിന്ത്യ, ഒരൊറ്റ ജനത' എന്ന കാംപയ്ൻ ശ്രദ്ധേയമായിരുന്നു.

ഇതിന്റെ തുടർച്ച തന്നെയാണ് വിസ്ഡം സംഘടിപ്പിക്കുന്ന ദേശരക്ഷാ സമ്മേളനങ്ങൾ. അനീതി പേമാരി പോലെ കോരിച്ചൊരിയുന്നൊരു കാലത്ത് തന്നെ മാത്രം കാണുന്ന കണ്ണാടികൾ മാറ്റിവച്ച് രാജ്യത്തെ മുഴുവനായി കാണും വിധമുള്ള ജാലകമാണ് നാം തുറന്നിടേണ്ടത്. കാഴ്ചയുടെ സ്വപ്ന ഭൂമിയിൽ നിന്ന് കാഴ്ചപ്പാടുകളുടെ കർമ ഭൂമിയിലേക്ക് നമുക്ക് ഒന്നിച്ചുണരണം.

ക്വുർആൻ പാഠം

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com



# ഇസ്‌ലാമിന്റെ സമഗ്രത

മതം എന്താണ് എന്നതിനെ സംബന്ധിച്ച് വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകളും നിരീക്ഷണങ്ങളും നിലവിലുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്. ചില മതങ്ങൾ അല്ലെങ്കിൽ ദർശനങ്ങൾ വിശ്വാസ മേഖലയിൽ മാത്രം ഒതുങ്ങുകയും സാമൂഹിക, സാംസ്‌കാരിക രംഗത്ത് ഇടപെടേണ്ടതിനെ സംബന്ധിച്ച് ചർച്ച ചെയ്യാതിരിക്കുകയും ചെയ്യുന്നത് നമുക്ക് കാണാൻ സാധിക്കും. വേറെ ചില മതങ്ങൾ അല്ലെങ്കിൽ ദർശനങ്ങൾ സാമൂഹികമേഖലയെ മാത്രം പരിഗണിക്കുകയും വിശ്വാസ മേഖലയെ തള്ളുകയും ചെയ്യുന്നു.ഇത് രണ്ടും പരിഗണിക്കുകയും എന്നാൽ സ്വഭാവ, സാംസ്‌കാരിക മേഖലയെ അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകുകയും ചെയ്യുന്ന മതങ്ങളും ദർശനങ്ങളുമുണ്ട്.

എന്നാൽ ഇതിൽനിന്നെല്ലാം വിഭിന്നമായി സമഗ്രവും സമ്പൂർണവുമായ ഒരു കാഴ്ചപ്പാടാണ് ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്നത്. ഈ വിഷയത്തിൽ ക്വുർആൻ നൽകുന്ന പാഠം എന്താണ് എന്ന് നമുക്ക് പരിശുദ്ധ ക്വുർആനിലെ 2ാം അധ്യായം 177ാം വചനത്തിലൂടെ മനസ്സിലാക്കാം:

"നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥത്തിലും പ്രവാചകൻമാരിലും വിശ്വസിക്കുകയും, സ്വത്തിനോട് പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കന്നും ചോദിച്ചു വരുന്നവർക്കും അടിമമോചനത്തിന്നും നൽകുകയും, പ്രാർഥന (നമസ്കാരം) മുറപ്രകാരം നിർവഹിക്കുകയും, സകാത്ത് നൽകുകയും, കരാറിൽ ഏർപെട്ടാൽ അത് നിറവേറ്റുകയും, വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാൻമാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർ തന്നെയാകുന്നു (ദോഷബാധയെ) സൂക്ഷിച്ചവർ."

കിഴക്കോട്ടോ പടിഞ്ഞാറോട്ടോ മുഖംതിരിക്കുക എന്നതിലല്ല പുണ്യമുള്ളത്. പിന്നെ എന്തിലാണ്? ഒരു മനുഷ്യൻ വിശ്വസിക്കേണ്ട മർമപ്രധാനമായ വിശ്വാസകാര്യങ്ങൾ എണ്ണിപ്പറയുന്നു: 'ശരിയായ ദൈവവിശ്വാസം, മരണാനന്തരജീവിതത്തിലുള്ള വിശ്വാസം, വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം, പ്രവാചകന്മാരിലും മലക്കുകളിലുമുള്ള വിശ്വാസം.' പുണ്യമെന്നത് ഈ വിശ്വാസ കാര്യങ്ങളിൽ മാത്രംഒതുങ്ങുന്നതാണോ? അല്ല! വീണ്ടും അല്ലാഹു പറയുന്നു:

'തങ്ങളുടെ സ്വത്തുക്കൾ, അതിനോട് ഏറെ ഇഷ്ടം ഉണ്ടായിട്ടും കുടുംബബന്ധം ഉള്ളവർക്കും അനാഥർക്കും പാവങ്ങൾക്കും നൽകുക. അടിമമോചനത്തിനും ചോദിച്ചുവരുന്നവർക്കും വഴിപോക്കന്മാർക്കും നൽകുക.' എന്നു പറഞ്ഞാൽ അവശതയും പ്രയാസവുമനുഭവിക്കുന്ന, സമൂഹത്തിൽ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ആളുകളെ സാമ്പത്തികമായി സഹായിക്കുക. അവർക്ക് ഒരുകൈത്താങ്ങായി മാറുക. ഇതും പുണ്യമാണെന്ന് ക്വുർആൻ പഠിപ്പിക്കുന്നു.

അതോടൊപ്പം തന്നെ നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്യുന്നവർ കൂടിയാണ് പുണ്യവാന്മാർ എന്ന് ക്വുർആൻ പറയുന്നു. നമസ്കാരം നിലനിർത്തുക എന്നത് സ്രഷ്ടാവിനോടുള്ള ബാധ്യതയാണ്. അഞ്ച് നേരവും സ്രഷ്ടാവ് നിർബന്ധമാക്കിയ ഏറ്റവും മഹനീയമായ ഈ ആരാധന നിർവഹിക്കുക. എന്നാൽ സൃഷ്ടികൾ സ്രഷ്ടാവിനോടുള്ള ബന്ധം മാത്രം പുലർത്തിയാൽ മതിയോ? പോരാ ഉടനെ തന്നെ അടുത്ത കാര്യം പറഞ്ഞു; സകാത്ത് നൽകണം. അത് സമൂഹത്തോടുള്ള ബാധ്യതയാണ്. അപ്പോൾ ഒരേസമയം സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധവും സൃഷ്ടിയും തന്റെ കൂടെയുള്ള മറ്റു സൃഷ്ടികളും തമ്മിലുള്ള ബന്ധവും ഊട്ടിയുറപ്പിക്കണം. അതിലാണ് പുണ്യം എന്ന് ഇസ്‌ലാം പഠിപ്പിക്കുകയാണ്. പിന്നീട് സാമൂഹ്യജീവിതത്തിൽ ശ്രദ്ധിക്കേണ്ട സുപ്രധാനമായ മറ്റൊരു വിഷയം പറയുന്നു:

'കരാറുകൾ പാലിക്കണം.' സത്യസന്ധത എന്നത് പ്രധാനപ്പെട്ടതാണ്. സാമൂഹിക ജീവിതത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പെട്ടതാണ് കരാർപാലനവും സത്യം പറയലും. അവയുടെഅഭാവമാണ് ലോകത്ത് കാണപ്പെടുന്ന ഒട്ടനവധി പ്രതിസന്ധികൾക്കും പിന്നിലുള്ള കാരണങ്ങളിൽ ചിലതെന്ന് കാണാനാവും.

കഷ്ടപ്പാടുകൾ ഉണ്ടാകുമ്പോൾ, രോഗങ്ങളും മറ്റു പ്രയാസങ്ങളും ഉണ്ടാകുന്ന സന്ദർഭങ്ങളിൽ, യുദ്ധഘട്ടങ്ങളിൽ എല്ലാം തന്നെ അങ്ങേയറ്റം ക്ഷമയവലംബിക്കുന്ന ആളുകളും പുണ്യവാന്മാർ തന്നെ. മതത്തെ ഇപ്രകാരം സമഗ്രമായി ഉൾക്കൊണ്ട പുണ്യവാന്മാരെ സംബന്ധിച്ച് അല്ലാഹു പറയുന്നത് അവരാണ് സത്യസന്ധർ എന്നും ധർമനിഷ്ഠയുള്ളവർ എന്നുമാണ്.

മതത്തെ സംബന്ധിച്ചുള്ള സമ്പൂർണമായ ഒരു കാഴ്ചപ്പാട് ഈ വചനം മുന്നോട്ടുവെക്കുന്നുണ്ട്. കേവലം ചില വിശ്വാസകാര്യങ്ങൾ മാത്രമല്ല മതം, മറിച്ച് അതോടൊപ്പം ആരാധനാകർമങ്ങളും സമൂഹത്തിന്റെ പ്രയാസങ്ങൾ കണ്ടറിഞ്ഞുകൊണ്ട് സഹായിക്കലും സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധവും സൃഷ്ടികളും സൃഷ്ടികളും തമ്മിലുള്ള ബന്ധവും ഊട്ടിയുറപ്പിക്കലും കരാർപാലിക്കലും അതോടൊപ്പം പ്രയാസങ്ങളിലും പ്രതിസന്ധികളിലും ക്ഷമയവലംബിക്കലുമെല്ലാം മതത്തിന്റെ കാര്യങ്ങളാണ്. ഈ നന്മകളെല്ലാം ഉൾക്കൊണ്ട് ജീവിക്കുന്നവനാണ് യഥാർഥ മതവിശ്വാസി എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ഈ ഒരു തത്ത്വം നാം ഉൾക്കൊള്ളുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 3

# അമാനത്ത്



**ബാ**ധ്യതകളുടെ നിർവഹണവും സംരക്ഷണവുമാണ് അമാനത്ത്. ഒരാളുടെ മേൽ ബാധ്യതയാക്കപ്പെട്ട നമസ്‌കാരം, സകാത്ത്, നോമ്പ് പോലുള്ളതെല്ലാം അമാനത്തുകളാണ്. സൂക്ഷിപ്പുസ്വത്തുക്കൾ, രഹസ്യങ്ങൾ, സ്വകാര്യതകൾ തുടങ്ങിയവയും ഗൗരവപ്പെട്ട അമാനത്തുകളാകുന്നു. വിജയികളായ വിശ്വാസികൾ അമാനത്തിന്റെ പരിപാലകരും പരിരക്ഷകരുമാണ്. ഒരു വിശുദ്ധ വചനം നോക്കൂ:

“തങ്ങളുടെ അമാനത്തുകളും കരാറുകളും പാലിക്കുന്നവരുമത്രെ (ആ വിജയം പ്രാപിച്ചവരായ വിശ്വാസികൾ)” (ക്വുർആൻ 23:8)

വിധിവിലക്കുകൾ യഥാവിധം പാലിക്കൽ അമാനത്തിന്റെ നിർവഹണമാണ്. കൽപനകളെ ശിരസ്സാവഹിച്ചും വിരോധങ്ങളെ വിട്ടകന്നും അമാനത്ത് പാലിക്കുവാൻ വിശുദ്ധ ക്വുർആൻ അനുശാസിച്ചിട്ടുണ്ട്. അമാനത്തുകൾ നിർവഹിക്കേണ്ടുന്നതിന്റെ ഗൗരവവും പ്രധാന്യവുമാണ് പ്രസ്തുത അവതരണം അറിയിക്കുന്നത്.

“തീർച്ചയായും നാം ആ അമാനത്ത് (വിശ്വസ്ത ദൗത്യം, ഉത്തരവാദിത്തം) ആകാശങ്ങളുടെയും ഭൂമിയുടെയും പർവതങ്ങളുടെയും മുമ്പാകെ എടുത്തു കാട്ടുകയുണ്ടായി. എന്നാൽ അത് ഏറ്റെടുക്കുന്നതിന് അവ വിസമ്മതിക്കുകയും അതിനെപ്പറ്റി അവയ്ക്ക് പേടി തോന്നുകയും ചെയ്തു. മനുഷ്യൻ അത് ഏറ്റെടുത്തു. തീർച്ചയായും അവൻ കടുത്ത അക്രമിയും അവിവേകിയുമായിരിക്കുന്നു” (ക്വുർആൻ 33:72).

അമാനത്തിന്റെ വിവരണത്തിൽ ധാരാളം വാക്കുകൾ നൽകിയ ശേഷം ഇമാം ഇബ്നുകഥീർ പറഞ്ഞു: ‘പുണ്യകർമങ്ങൾ, നിർബന്ധകർമങ്ങൾ, മതകാര്യങ്ങൾ, ശിക്ഷാവിധികൾ എന്നിവയെല്ലാം അമാനത്തിൽ പെട്ടതാണ്.’ അദ്ദേഹം പറഞ്ഞു: ‘ഈ അഭിപ്രായങ്ങളെല്ലാം ഒന്നൊന്നിനെ നിരാകരിക്കുന്നില്ല. പ്രത്യുത, വിധിവിലക്കുകൾ ബാധകമാക്കുക, കൽപനകളും വിരോധങ്ങളും അവയുടെ നിബന്ധനകൾക്കൊത്ത് സ്വീകരിക്കുക എന്നതിൽ എല്ലാം യോജിക്കുകയും പ്രസ്തുത ആശയത്തിലേക്ക് മടങ്ങുകയും ചെയ്യുന്നു. കൽപനകളും വിരോധങ്ങളും നിബന്ധനകൾക്ക് ഒത്ത് സ്വീകരിക്കുക എന്നത് മനുഷ്യൻ അവ നിർവഹിച്ചാൽ അവന് പ്രതിഫലം നൽകപ്പെടുമെന്നതും കയ്യൊഴിച്ചാൽ ശിക്ഷിക്കപ്പെടുമെന്നതുമാണ്. എന്നാൽ അല്ലാഹു നന്മയിലക്ക് ഉദവിനൽകിയവരൊഴിച്ചുള്ളവർ തങ്ങളുടെ ദുർബലതയും അജ്ഞതയും അന്യായവുമുള്ള നിലയ്ക്ക് അവ സ്വീകരിച്ചു.’

ഉടമസ്ഥനോ അല്ലെങ്കിൽ അയാളുടെ പ്രതിനിധിയോ പ്രതിഫലമൊന്നും നൽകാതെ സൂക്ഷിക്കുന്നവന്റെ അടുക്കൽ നിക്ഷേപിക്കുന്ന വസ്തുക്കളാണല്ലോ വദീഅത്തുകൾ (സൂക്ഷിപ്പുസ്വത്തുകൾ). അവയെല്ലാം യഥാവിധം നിർവഹിക്കൽ അമാനത്തിന്റെ തേട്ടമാകുന്നു. ഈ വിഷയത്തിൽ അല്ലാഹുവിന്റെ വചനം നോക്കൂ:

“ഇനി നിങ്ങളിലൊരാൾ മറ്റൊരാളെ(വല്ലതും) വിശ്വസിച്ചേൽപിച്ചാൽ ആ വിശ്വാസമർപ്പിക്കപ്പെട്ടവൻ തന്റെ വിശ്വസ്തത നിറവേറ്റട്ടെ” (ക്വുർആൻ 2:283).

“വിശ്വസിച്ചേൽപിക്കപ്പെട്ട അമാനത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്നും ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പു കൽപിക്കുകയാണെങ്കിൽ നീതിയോടെതീർപ്പു കൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്. തീർച്ചയായും എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു അല്ലാഹു” (ക്വുർആൻ 4:58).

നബിﷺ പറഞ്ഞു: “നിന്നെ വിശ്വസിച്ചേൽപിച്ചവനിലേക്ക് അമാനത്ത് തിരിച്ചേൽപിക്കുക. നിന്നെ ചതിച്ചവനെ നീ ചതിക്കരുത്”(സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

‘അമാനത്ത്’ എന്നതിന്റെ വിപരീതപദമാണ് ‘ഖിയാനത്ത്.’ ഖിയാനത്ത് വഞ്ചനയാണ്. വഞ്ചന ഇസ്‌ലാമിൽ വിരോധിക്കപ്പെട്ട കൊടിയ കുറ്റവുമാണ്.

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവോടും റസൂലിനോടും വഞ്ചന കാണിക്കരുത്. നിങ്ങൾ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യങ്ങളിൽ അറിഞ്ഞുകൊണ്ട് വഞ്ചന കാണിക്കുകയും ചെയ്യരുത്” (ക്വുർആൻ 8:27).

ഈ ആയത്തിന്റെ വിവരണത്തിൽ ഇമാം ഇബ്നുകഥീർ പറഞ്ഞു: “ഈ ഖിയാനത്ത്(വഞ്ചന) ചെറുതും വലുതുമായ എല്ലാ പാപങ്ങളെയും പൊതുവിൽ ഉൾകൊള്ളുന്നു; പ്രസ്തുത പാപങ്ങൾ സ്വന്തത്തോട് ചെയ്തതാകട്ടെ, അന്യരോട് ചെയ്തതാകട്ടെ.”

അലിയ്യ് ഇബ്നു അബീത്വൽഹ رضي الله عنه യിൽ നിന്നും ഇബ്നു അബ്ബാസ് رضي الله عنه പറഞ്ഞതായി നിവേദനം: “നിങ്ങൾ അമാനത്തുകളിൽ വഞ്ചന കാണിക്കുകയും ചെയ്യരുത്. അമാനത്ത് എന്നാൽ അല്ലാഹു അടിയാറുകളെ വിശ്വസിച്ചേൽപിച്ച നിർബന്ധ കർമങ്ങളാണ്. നിങ്ങൾ വഞ്ചന കാണിക്കരുത് എന്നാൽ നിങ്ങൾ അവ ലംഘിക്കരുത് എന്നുമാണ്. വഞ്ചന മുസ്‌ലിമിന്റെ ലക്ഷണമല്ല; വിശിഷ്യാ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യങ്ങളിലും വസ്തുവകകളിലും. അത് കപടന്മാരുടെ ദുർഗുണമാണ്.”



നബിﷺ പറഞ്ഞു: "കപടവിശ്വാസി യുടെ അടയാളം മൂന്നെണ്ണമാകുന്നു. അവൻ സംസാരിച്ചാൽ കളവ് പറയും. കരാർ ചെയ്താൽ ലംഘിക്കും. വിശ്വ സിച്ചേൽപിക്കപ്പെട്ടാൽ വഞ്ചിക്കും" (ബുഖാരി).

അമാനത്ത് നിർവഹിക്കുന്നതിന്റെ പ്രാധാന്യമറിയിക്കുന്ന ഒരു തിരുമൊ ഴി ഇപ്രകാരം വന്നിട്ടുണ്ട്: "നബിﷺ ഞ ങ്ങളോട് പ്രസംഗിക്കുമ്പോഴെല്ലാം ഇ പ്രകാരം പറയുമായിരുന്നു: അമാന ത്തില്ലാത്തവർക്ക് ഈമാനില്ല. കരാർ പാലനമില്ലാത്തവർക്ക് ദീനുമില്ല"(മുസ് നദു അഹ്മദ്. അൽബാനി സ്വഹീഹെ ന്ന് വിശേഷിപ്പിച്ചു).

നബിﷺയും അബൂദർറുംؓ ത മ്മിൽ നടന്ന ഒരു സംഭാഷണം അമാ നത്തിന്റെ ഗൗരവം ഉറക്കെ വിളിച്ചോ തുന്നു. ഒരിക്കൽ അദ്ദേഹം ചോദിച്ചു:

'അല്ലാഹുവിന്റെ ദൂതരേ, താങ്കൾ എന്നെ ഗവർണറായി നിശ്ചയിക്കുന്നി ല്ലേ?' അപ്പോൾ നബിﷺ തന്റെ കൈ കൊണ്ട് എന്റെ ഇരുചുമലുകളിലും ത ട്ടി. ശേഷം തിരുമേനി പറഞ്ഞു: 'അ ബൂദർറ്! താങ്കൾ ദുർബലനാണ്. നേ തൃപദവിയാകട്ടെ അമാനത്തുമാണ്. അത് അന്ത്യനാളിൽ നിന്ദ്യതയും അ പമാനവുമാണ്; നേതൃത്വം യഥാവിധം ഏറ്റെടുക്കുകയും അതിൽ തന്റെമേൽ ബാധ്യതയായത് നിർവഹിക്കുകയും ചെയ്തവർക്കൊഴിച്ച്.' (മുസ്‌ലിം).

അബൂദർറിؓൽനിന്നുള്ള മറ്റൊരു റി പ്പോർട്ടിൽ നബിﷺ പറഞ്ഞതായി ഇ പ്രകാരമാണുള്ളത്: "അബൂദർറ്! താ ങ്കളെ ഞാൻ ദുർലബനായി കാണുന്നു. എനിക്ക് ഞാൻ ഇഷ്ടപ്പെടുന്നത് താ ങ്കൾക്കും ഞാൻ ഇഷ്ടപ്പെടുന്നു. താ ങ്കൾ ആളുകളുടെ നേതൃപദവി ഏറ്റെ ടുക്കരുത്. യതീമിന്റെ ധനവും ഏറ്റെ ടുക്കരുത്' (മുസ്‌ലിം).

മതനിഷ്ഠകളിൽ ആദ്യമായി ആളു കൾക്ക് കൈമോശം വന്നുപോകുന്നത് അമാനത്തായിരിക്കുമെന്ന മുന്നറിയിപ്പും വിഷയത്തിന്റെ ഗൗരവമാണറിയിക്കു ന്നത്. അനസ് ഇബ്നുമാലികിؓൽ നി ന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: "നിങ്ങളുടെ ദീനിൽ ആദ്യ മായി നിങ്ങൾ നഷ്ടപ്പെടുത്തുന്നത് അ മാനത്തായിരിക്കും. അതിൽ അവസാ



നത്തേത് നമസ്കാരവുമായിരിക്കും" (മകാരിമുൽഅ ഖ്‌ലാക്, ഇമാം അൽഖറാഇത്വി. അൽബാനി സ്വ ഹീഹെന്ന്‌വിശേഷിപ്പിച്ചു).

അന്ത്യനാളിന്റെ അടയാളങ്ങൾ അനവധിയാണ്. അവയെക്കുറിച്ചുള്ള അനുസ്മരണ വേളയിൽ അ മാനത്തിനെ വിശേഷിച്ച് എണ്ണിയതും അമാനത്ത് നഷ്ടപ്പെടുത്തൽ അന്ത്യനാളിന്റെ അടയാളമാണെന്ന് പ്രത്യേകം പറഞ്ഞതും അതിന്റെ പ്രാധാന്യവും ഗൗ രവവും തന്നെയാണ് അറിയിക്കുന്നത്. അബൂഹുറ യ്റؓയിൽ നിന്ന് നിവേദനം ചെയ്യുന്ന ഒരു സംഭ വം നോക്കൂ:

"നബിﷺ ഒരു സദസ്സിൽ ജനങ്ങളോട് സംസാരി ച്ചുകൊണ്ടിരിക്കെ ഒരു ഗ്രാമീണ അറബി നബിﷺ യുടെ അടുക്കൽ ആഗതനായി. അയാൾ ചോദിച്ചു: 'അന്ത്യനാൾ എപ്പോഴാണ്?' തിരുമേനിﷺ തന്റെ സം സാരം തുടർത്തികൊണ്ടുപോയി. ജനങ്ങളിൽ ചിലർ പറഞ്ഞു: 'അയാളുടെ ചോദ്യം റസൂൽﷺകേട്ടിരിക്കു ന്നു; എന്നാൽ അദ്ദേഹത്തിന് അതിൽ നീരസമുണ്ടാ യി.' ചിലർ പറഞ്ഞു: 'നബിﷺ അത് കേട്ടിട്ടില്ല.' തി രുദൂതർﷺ തന്റെ സംസാരം അവസാനിപ്പിച്ചപ്പോൾ ചോദിച്ചു: 'അന്ത്യനാളിനെ കുറിച്ച് ചോദിച്ച വ്യക്തി എവിടെയാണ്?' അയാൾ പറഞ്ഞു: 'തിരുദൂതരേ,

ഞാൻ ഇതാ.' നബിﷺ പറഞ്ഞു: 'അമാനത്ത് നഷ്ടപ്പെടുത്തപ്പെട്ടാൽ താങ്കൾ അന്ത്യനാളിനെ പ്രതീക്ഷിക്കുക.' അയാൾ ചോദിച്ചു: 'എങ്ങനെയാണ് അത് നഷ്ടപ്പെടുത്തൽ?' തിരുമേനിﷺ പറഞ്ഞു: 'കാര്യങ്ങൾ അതിന്റെ അർഹരല്ലാത്തവരിലേക്ക് ഏൽപിക്കപ്പെട്ടാൽ താങ്കൾ അന്ത്യനാളിനെ പ്രതീക്ഷിക്കുക' (ബുഖാരി).

**മഹച്ചരിതങ്ങൾ**

പ്രവാചകത്വത്തിനു മുമ്പുതന്നെ മക്കാനിവാസികളുടെ 'അൽഅമീൻ' (വിശ്വസ്തൻ) ആയിരുന്നു നബി ﷺ എന്നത് സുവിദിതമാണല്ലോ. തിരുദൂതരുടെ സംസാരത്തിലെ സത്യസന്ധതയും അമാനത്ത് നിർവഹണത്തിലെ കാര്യക്ഷമതയും സ്വഭാവ മാഹാത്മ്യവും മക്കയിൽ പാട്ടായിരുന്നു. അതിനാലാണ് കുലീനയും സമ്പന്നയുമായ ഖദീജ رضي الله عنها തിരുമേനിﷺയെ വിളിച്ചുവരുത്തി സിറിയയിലേക്കുള്ള തന്റെ കച്ചവടച്ചരക്കുകളുടെ ചുമതല ഏൽപിച്ചത്. ഖദീജ رضي الله عنهاയുടെ ഭൃത്യൻ മയ്സറയോടൊപ്പം കച്ചവട സംഘത്തെ നയിച്ച തരുദൂതരിﷺൽ മയ്സറ കണ്ടത് സത്യസന്ധതയും വിശ്വാസ്യതയുമാണ്. പ്രസ്തുത സ്വഭാവ വിശേഷതകൾ തന്നെയാണ് ഖദീജ رضي الله عنهاയെ നബിﷺയിലേക്ക് അടുപ്പിച്ചതും അവരിൽ നിന്നുള്ള വിവാഹാഭ്യർഥനയിലേക്കെത്തിച്ചതും.

ഹിറോക്ലിയസ് രാജാവും റോമൻ അധിപന്മാരും അബൂസുഫ്‌യാൻ رضي الله عنه അവിശ്വാസിയായിരുന്ന നാളിൽ അദ്ദേഹവുമായി ഈലിയാ പട്ടണത്തിൽ സന്ധിച്ചപ്പോൾ ഹിറോക്ലിയസ് ചോദിച്ചു: 'മുഹമ്മദ് ചതിപ്രയോഗം നടത്താറുണ്ടോ?' ഇല്ലെന്ന അബൂസുഫ്‌യാന്റെ പ്രതികരണത്തിന് ഹിറോക്ലിയസിന്റെ മറുപടി ഇപ്രകാരമായിരുന്നു: 'അപ്രകരമാണ് ദൈവദൂതന്മാർ; അവർ ചതിക്കുകയില്ല.'

മുഹമ്മദ് നബിﷺ അനുശാസിക്കുന്ന കാര്യങ്ങളേതെന്ന ഹിറോക്ലിയസിന്റെ ചോദ്യത്തിന് അബൂസുഫ്‌യാൻ നൽകിയ മറുപടിയും അമാനത്തിന്റെ പ്രധാന്യം വിളിച്ചോതുന്നു. അബൂസുഫ്‌യാൻ പറഞ്ഞു: 'നിങ്ങൾ ഏകനായ അല്ലാഹുവെ മാത്രം ആരാധിക്കണം; അവനിൽ ഒന്നിനെയും പങ്കു ചേർക്കരുത്. നിങ്ങളുടെപൂർവികർ പറയുന്ന തെറ്റുകൾ നിങ്ങൾ കയ്യൊഴിക്കുക. കൂടാതെ, നമസ്‌കരിക്കുവാനും ദാനം നൽകുവാനും പരിശുദ്ധി പ്രാപിക്കുവാനും ബന്ധങ്ങൾ നല്ല രീതിയിലാക്കുവാനും കരാർ പാലിക്കുവാനും അമാനത്ത് നിർവഹിക്കുവാനും അദ്ദേഹം ഞങ്ങളോട് കൽപിക്കുന്നു.'

നൂഹ്, ഹൂദ്, സ്വാലിഹ്, ലൂത്വ്, ശുഐബ് എന്നീ നബിമാരുടെ ചരിത്രങ്ങൾ സൂറതുശ്ശുഅറാഇൽ അല്ലാഹു നൽകിയപ്പോൾ അവരെക്കുറിച്ച് പറഞ്ഞത് 'തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു' (ക്വുർആൻ 26:107) എന്നാണ്.

പ്രസ്തുത അധ്യായത്തിലെ 125, 143, 162,178 എന്നീ വചനങ്ങളും നബിമാരുടെ വിഷയത്തിൽ ഇതേ സ്വഭാവ ഗുണം എടുത്തുപറയുന്നുണ്ട്.

മൂസാ നബി عليه السلام മദ്‌യൻകാരനായ വ്യക്തിയുടെ രണ്ട് പെൺമക്കൾക്ക് വെള്ളം കോരി നൽകിയപ്പോൾ അവരിൽ ഒരു പെൺകുട്ടി മൂസാനബി عليه السلامയെ കുറിച്ച് തന്റെ പിതാവിനോടു പറഞ്ഞതായി അല്ലാഹു പറയുന്നു:

"എന്റെ പിതാവേ, ഇദ്ദേഹത്തെ താങ്കൾ കൂലിക്കാരനായി നിർത്തുക. തീർച്ചയായും താങ്കൾ കൂലിക്കാരായി എടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ ശക്തനും വിശ്വസ്തനുമായിട്ടുള്ളവനത്രെ" (ക്വുർആൻ 27:26).

**സ്‌കൂൾ ഓഫ് ഖുർആൻ സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം**

മതശിക്ഷണ രംഗത്ത് ചുരുങ്ങിയ കാലം കൊണ്ട് ഏറെ ശ്രദ്ധയാകർഷിച്ച സ്‌കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജാമിഅ അൽ ഹിന്ദിന്റെ കീഴിൽ അഞ്ച് വർഷം മുമ്പ് തുടക്കം കുറിച്ച ഈ മഹദ് സംരംഭത്തിന് ഇപ്പോൾ 17 സെന്ററുകളും ഒരു റസിഡൻഷ്യൽ ക്യാമ്പസുമാണുള്ളത്. പ്രാദേശിക സെന്ററുകൾ വഴി അഞ്ച് വർഷം പൂർത്തിയായ പഠിതാക്കളിൽ നിന്ന് മികവ് തെളിയിച്ച വിദ്യാർഥികളെ തെരഞ്ഞെടുത്ത് രാജ്യാന്തര നിലവാരമുള്ള ഭൗതിക പഠന സൗകര്യങ്ങളോടൊപ്പം അഞ്ച് വർഷം കൊണ്ട് ക്വുർആൻ സമ്പൂർണമായി ഹൃദിസ്ഥമാക്കാൻ അവസരം നൽകിക്കൊണ്ട് സമൂഹത്തിന്റെ ഉന്നതരംഗങ്ങളിൽ ഉയർന്ന കാഴ്ചപ്പാടും ധാർമികബോധമുള്ള വിദഗ്ധരെ വളർത്തിയെടുക്കുകയാണ് സ്‌കൂൾ ഓഫ് ഖുർആൻ ലക്ഷ്യമിടുന്നത്.

ജാമിഅ നിർദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്താൽ അധ്യാപക നിയമനവും ട്രൈനിംഗും ദൈനംദിന കാര്യങ്ങളും വേതനവുമടക്കം മുഴുവൻ ഹെഡ് ഓഫീസിൽ നിന്നും നിയന്ത്രിക്കുന്ന രീതിയിലാണ് സ്ഥാപനം ക്രമീകരിച്ചിരിക്കുന്നത്.

സെന്റർ സംബന്ധമായ വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും 9995588317 എന്ന നമ്പറിൽ ബന്ധപ്പെടുക.

School of Qur'an I Jamia Al-Hind Al-Islamiyya
Jamia Campus I Mini Ootty
Malappuram I Kerala I India I PIN 676519
www.schoolofquran.in I mail@schoolofquran.com

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 67, ഭാഗം: 2

# മുൽക് (ആധിപത്യം)

(മക്കയിൽ അവതരിച്ചത്)

8. കോപം നിമിത്തം അത് പൊട്ടിപ്പിളർന്ന് പോകുമാറാകും. അതിൽ (നരകത്തിൽ) ഓരോ സംഘവും എറിയപ്പെടുമ്പോഴൊക്കെ അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും: നിങ്ങളുടെ അടുത്ത് മുന്നറിയിപ്പുകാരൻ വന്നിരുന്നില്ലേ?

9. അവർ പറയും: അതെ ഞങ്ങൾക്ക് മുന്നറിയിപ്പുകാരൻ വന്നിരുന്നു. അപ്പോൾ ഞങ്ങൾ നിഷേധിച്ചു തള്ളുകയും അല്ലാഹു യാതൊന്നും ഇറക്കിയിട്ടില്ല, നിങ്ങൾ വലിയ വഴികേടിൽ തന്നെയാകുന്നു എന്ന് ഞങ്ങൾ പറയുകയുമാണ് ചെയ്തത്.

10. ഞങ്ങൾ കേൾക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളുടെ കൂട്ടത്തിലാകുമായിരുന്നില്ല എന്നും അവർ പറയും.

11. അങ്ങനെ അവർ തങ്ങളുടെ കുറ്റം ഏറ്റുപറയും. അപ്പോൾ നരകാഗ്നിയുടെ ആൾക്കാർക്കു ശാപം.

12. തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെ അദൃശ്യനിലയിൽ ഭയപ്പെടുന്നവരാരോ അവർക്ക് പാപമോചനവും വലിയ പ്രതിഫലവുമുണ്ട്.

تَكَادُ تَمَيَّزُ مِنَ ٱلْغَيْظِ ۖ كُلَّمَآ أُلْقِىَ فِيهَا
فَوْجٌ سَأَلَهُمْ خَزَنَتُهَآ أَلَمْ يَأْتِكُمْ نَذِيرٌ ﴿٨﴾
قَالُوا۟ بَلَىٰ قَدْ جَآءَنَا نَذِيرٌ فَكَذَّبْنَا وَقُلْنَا مَا نَزَّلَ ٱللَّهُ
مِن شَىْءٍ إِنْ أَنتُمْ إِلَّا فِى ضَلَـٰلٍ كَبِيرٍ ﴿٩﴾
وَقَالُوا۟ لَوْ كُنَّا نَسْمَعُ أَوْ نَعْقِلُ مَا كُنَّا
فِىٓ أَصْحَـٰبِ ٱلسَّعِيرِ ﴿١٠﴾
فَٱعْتَرَفُوا۟ بِذَنۢبِهِمْ فَسُحْقًا
لِّأَصْحَـٰبِ ٱلسَّعِيرِ ﴿١١﴾
إِنَّ ٱلَّذِينَ يَخْشَوْنَ رَبَّهُم بِٱلْغَيْبِ
لَهُم مَّغْفِرَةٌ وَأَجْرٌ كَبِيرٌ ﴿١٢﴾

> **അനുഗ്രഹങ്ങളുടെ കേദാരമാണ് സ്വർഗം. വലിയ അധികാരവും തുടർച്ചയായ ആസ്വാദനങ്ങളും ഉന്നതമായ ഭവനങ്ങളും കൊട്ടാരങ്ങളും സുന്ദരികളായ സ്വർഗസ്ത്രീകളും സേവകരും കുട്ടികളുമെല്ലാം സ്വർഗത്തിൽ താമസിക്കുന്നവർക്ക് ലഭിക്കുന്നു. പരമകാരുണികന്റെ തൃപ്തിയാണ് സ്വർഗത്തിൽ ഏറ്റവും മഹത്തായത്.**

8). നരകക്കാരെ അതിന്റെ കാവൽക്കാർ അപമാനിക്കുന്നതിനെ കുറിച്ചാണ് തുടർന്ന് പറയുന്നത്: (അതിൽ ഓരോ സംഘവും എറിയപ്പെടുമ്പോഴൊക്കെ അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും. നിങ്ങളുടെ അടുക്കൽ മുന്നറിയിപ്പുകാരൻ വന്നിരുന്നില്ലേ?) ഈ അവസ്ഥയെക്കുറിച്ചും നരകത്തിന്റെ അവകാശികളാരാണെന്നും യാതൊരു വിവരവും അറിയിക്കപ്പെടുകയോ താക്കീത് നൽകപ്പെടുകയോ ചെയ്യപ്പെടാത്തതു പോലെയുണ്ട്.

9). (അവർ പറയും: ഞങ്ങൾക്ക് മുന്നറിയിപ്പുകാരൻ വന്നിരുന്നു. അപ്പോൾ ഞങ്ങൾ നിഷേധിച്ചു തള്ളുകയും അല്ലാഹു യാതൊന്നും ഇറക്കിയിട്ടില്ല. നിങ്ങൾ വലിയ വഴികേടിൽ തന്നെയാകുന്നു എന്ന് ഞങ്ങൾ പറയുകയുമാണ് ചെയ്തത്) അല്ലാഹു ഇറക്കിയതെല്ലാം അവർ നിഷേധിച്ചു. അതുകൊണ്ടും അവർ മതിയാക്കിയില്ല. സന്മാർഗം സ്വീകരിച്ചവർക്ക് വഴികാണിക്കുന്നവരും താക്കീത് ചെയ്യുന്നവരുമായ പ്രവാചകന്മാർ വഴിപിഴപ്പിച്ചവരാണെന്ന് അവർ പ്രഖ്യാപിച്ചു. അങ്ങനെ അവർ അങ്ങേയറ്റം വഴികേടിലായി. ഇതിനെക്കാൾ വലിയ അക്രമവും അഹങ്കാരവും മറ്റെന്താണുള്ളത്?

10). (അവർ പറയും) സത്യത്തിനും സന്മാർഗത്തിനും അവർ അനർഹരാണെന്ന് അംഗീകരിച്ചുകൊണ്ട്. (ഞങ്ങൾ കേൾക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നുവെങ്കിൽ ഞങ്ങൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളുടെ കൂട്ടത്തിലാകുമായിരുന്നില്ല എന്നും അവർ പറയും) സന്മാർഗത്തിന്റെ വഴികളിൽ നിന്ന് അവർ സ്വയം വിട്ടുനിന്നു. അല്ലാഹു ഇറക്കിയതും പ്രവാചകന്മാർ കൊണ്ടുവന്നതും കേൾക്കണം. അതുപോലെ വ്യക്തിക്ക് പ്രയോജനം നൽകുന്ന ചിന്തയും വിഷയങ്ങളിൽ സത്യസന്ധമായ നിലപാടും വേണം. നന്മയെ തിരഞ്ഞെടുക്കുകയും ആക്ഷേപകരമായ ഫലങ്ങളുണ്ടാക്കുന്ന കാര്യങ്ങൾ കേൾക്കാതെയും ചിന്തിക്കാതെയും വിട്ടുനിൽക്കുകയും ചെയ്യുക.

ഇവരുടെ നിലപാട് അറിവും ബോധ്യവുമുള്ള വിശ്വാസവും സത്യസന്ധതയുമുള്ളവരുടെ നിലപാടിനെതിരാണ്. കേട്ട തെളിവുകൾ കൊണ്ട് അവരുടെ വിശ്വാസങ്ങളെ അർ ശക്തിപ്പെടുത്തി. അല്ലാഹുവിന്റെ അടുക്കൽ നിന്നും വന്നതും റസൂൽﷺ കൊണ്ടുവന്നതും അറിഞ്ഞും പ്രവർത്തിച്ചും അവർ സ്വീകരിച്ചു. ബുദ്ധിപരമായ തെളിവ് എന്നത് വഴികേടിൽ നിന്ന് സന്മാർഗത്തെയും ചീത്തയിൽ നിന്ന് നല്ലതിനെയും തിന്മയിൽ നിന്ന് നന്മയെയും തിരിച്ചറിയലാണ്.

ബുദ്ധിയും പ്രമാണവും സ്വീകരിക്കാൻ അല്ലാഹു അവർക്ക് നൽകിയ അനുഗ്രഹത്തിനനസരിച്ച് അവർ വിശ്വാസത്തിലെത്തി. അവനുദ്ദേശിക്കുന്ന തന്റെ അടിമകൾക്ക് അവൻ അനുഗ്രഹം നൽകുന്നു. നന്മക്ക് പറ്റാത്തവരെ അവൻ കയ്യൊഴിക്കുന്നു. തങ്ങളുടെ ധിക്കാരവും അക്രമവും അംഗീകരിക്കുകയും നരകത്തിൽ പ്രവേശിക്കുകയുംചെയ്യുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നു:

11). (അങ്ങനെ അവർ തങ്ങളുടെ കുറ്റം ഏറ്റുപറയും. അപ്പോൾ നരകാഗ്നിയുടെ ആൾക്കാർക്കു ശാപം) അവർക്ക് നാശവും നഷ്ടവും ദൗർഭാഗ്യവും. എന്തുമാത്രം ഭാഗ്യംകെട്ടവരും നിന്ദ്യരുമാണവർ! അല്ലാഹുവിന്റെ പ്രതിഫലം നഷ്ടപ്പെട്ടുപോവുക. കത്തിജ്വലിക്കുന്ന നരകത്തിൽ കഴിയേണ്ടിവരിക. അത് ശരീരങ്ങളെ കത്തിക്കും. ഹൃദയങ്ങളിലേക്ക് ആളിപ്പടരും.

12). അധർമകാരികളുടെയും ഭാഗ്യംകെട്ടവരുടെയും അവസ്ഥ പറഞ്ഞപ്പോൾ തന്നെ സൗഭാഗ്യവാന്മാരായ പുണ്യവാന്മാരുടെ ഗുണങ്ങളും പറയുന്നു: (തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെ അദൃശ്യനിലയിൽ ഭയപ്പെടുന്നവരാരോ അവർ) ജീവിതത്തിന്റെ എല്ലാ അവസ്ഥകളിലും അല്ലാഹു അല്ലാതെ മറ്റാരും കാണാത്ത സന്ദർഭങ്ങളിലും തെറ്റായി പ്രവർത്തിക്കുകയോ കൽപനകളിൽ വീഴ്ച വരുത്തുകയോ ഇല്ല.

(അവർക്ക് പാപമോചനവും) അവരുടെ തെറ്റുകൾക്ക്, അതവർക്ക് പൊറുത്ത് കൊടുത്താൽ തിന്മകളിൽ നിന്ന് അവരെ രക്ഷിക്കുകയും നരകശിക്ഷയിൽ നിന്ന് സംരക്ഷിതരാക്കുകയും ചെയ്യും. (വലിയ പ്രതിഫലവും). നിത്യമായ സുഖാനുഗ്രഹങ്ങളിൽ അല്ലാഹു അവർക്ക് വേണ്ടി തയ്യാറാക്കിയതാണത്. വലിയ അധികാരവും തുടർച്ചയായ ആസ്വാദനങ്ങളും ഉന്നതമായ ഭവനങ്ങളും കൊട്ടാരങ്ങളും സുന്ദരികളായ സ്വർഗസ്ത്രീകളും സേവകരും കുട്ടികളുമെല്ലാം സ്വർഗത്തിൽ താമസിക്കുന്നവർക്ക് ലഭിക്കുന്നു. പരമകാരുണികന്റെ തൃപ്തിയാണ് സ്വർഗത്തിൽ ഏറ്റവും മഹത്തായത്.



കാഴ്ച

# വഴിവക്കിലെ ചായമക്കാനി

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

'സഹായം എനിക്ക് വേണ്ട. എന്നേക്കാൾ അർഹിക്കുന്നവർ ചുറ്റുപാടിലുണ്ട്. അവർക്ക് കൊടുത്തോളൂ' എന്നു പറഞ്ഞ് സാമൂഹ്യ പ്രവർത്തകനായ എന്റെ സുഹൃത്തിനെ ആ സ്ത്രീ മടക്കി അയച്ചു.

പതിനഞ്ചു കൊല്ലം മുമ്പുള്ള കഥയാണ്. ആ പ്രദേശത്ത് അന്ന് നൂറോളം കുടുംബങ്ങളുടെ ഭക്ഷണ ചെലവ് വഹിക്കുന്നുണ്ട് കൂട്ടുകാരന്റെ നേതൃത്വത്തിലുള്ള സംഘടന.

കേട്ടറിഞ്ഞ് സഹായം നൽകാൻ എത്തിയ, ഭർത്താവ് ഉപേക്ഷിച്ച ആ സ്ത്രീക്ക് പ്രായമായ മാതാവും ഹൈസ്കൂളിലും അതിനു താഴെ ക്ലാസ്സിലും പഠിക്കുന്ന രണ്ട് പെൺമക്കളും ഉണ്ടായിരുന്നു. കാട്ടിൽ പോയി വിറക് ശേഖരിച്ച് വിറ്റാലും പട്ടിണി കൂടാതെ ജീവിക്കാൻ വക കിട്ടും എന്നാണ് അവർ മറുപടി പറഞ്ഞത്.

മടങ്ങിപ്പോരുമ്പോൾ പിന്നിൽ നിന്ന് ആ സ്ത്രീ പലിശ ഇല്ലാതെ ലോൺ കിട്ടുമോയെന്നു ചോദിച്ചു. എത്ര വേണം എന്ന ചോദ്യത്തിന് ഇരുപതിനായിരം രൂപ എന്നായിരുന്നു മറുപടി.

എങ്ങനെ കടം തിരിച്ചു കൊടുക്കും എന്ന് ചോദിച്ചു. മാസം ആയിരം രൂപ വീതം 20 മാസം കൊണ്ട് തിരിച്ചു കൊടുക്കാം എന്ന് കൃത്യമായ മറുപടിയും കിട്ടി. പണം കിട്ടിയാൽ ഭർത്താവ് നടത്തിയിരുന്ന ചായക്കട വീണ്ടും തുടങ്ങണം. മാതാവിനും കുട്ടികൾക്കും പട്ടിണിയില്ലാതെ ജീവിക്കണം. അങ്ങനെ, കൈവിട്ടുപോകുന്ന ജീവിതം തിരിച്ചുപിടിക്കണം എന്നൊക്കെയായിരുന്നു അവരുടെ ചുരുങ്ങിയ മോഹം.

സുഹൃത്ത് അടുത്ത ആഴ്ചതന്നെ പണം നൽകി. വക്കുപൊട്ടിയ, ഞണുങ്ങിയ പാത്രങ്ങൾക്ക് പകരം പുതിയത് വാങ്ങി. കാലൊടിഞ്ഞ കസേരയും മേശയും മാറ്റി. കച്ചവടം തുടങ്ങി. പ്രഭാത നമസ്കാരത്തിന് ശേഷം അപ്പം, ദോശ; പിന്നീട് പൊറോട്ട, മീൻകറി, ബീഫ് തുടങ്ങിയവ. ഉച്ചക്ക് ചോറും കറികളും വൈകുന്നേരം എണ്ണക്കടികളും. അടുക്കളയിൽ സദാസമയവും സഹായത്തിന് കാലിന് ചെറിയ വൈകല്യമുള്ള, പ്രായമായ ഒരു സ്ത്രീയും അവരുടെ ഭർത്താവും. പൊറോട്ട മാവ് കുഴക്കാനും വീശാനും ചുടാനും ചായ അടിക്കാനും വിളമ്പാനും കടയുടമയായ ആ സ്ത്രീ തന്നെ. കറിക്കരിയാനും ഉപ്പേരിക്ക് നുറുക്കാനും അയൽപക്കത്തെ സ്ത്രീകളും ഇടക്ക് സഹായിച്ചു.

നാട്ടുകാർ അകമഴിഞ്ഞു സഹായിച്ചു. പറഞ്ഞതിൽ നേരത്തെ 10 മാസം കൊണ്ട് 2000 വീതം നൽകി കടം മൊത്തം വീട്ടി.

രണ്ട് പെൺമക്കളെയും കല്യാണം കഴിച്ചയച്ചു. മൂത്തവളുടെ കല്യാണത്തിന് 5000 രൂപ കടം വാങ്ങിയതും തിരികെ കൊടുത്തു.

എന്തെങ്കിലും സഹായം എവിടെ നിന്നെങ്കിലും കിട്ടുമോ എന്ന് നോക്കി നടക്കുന്ന കുറെ ആളുകൾ ഉള്ള ഇക്കാലത്ത്, തേടിയെത്തിയ സഹായം വേണ്ടെന്നുവച്ച് കൂടുതൽ അർഹരായവർക്ക് കൊടുക്കണമെന്ന് പറഞ്ഞു തിരികെ അയച്ച്, അധ്വാനിച്ച് കുടുംബം പോറ്റുന്ന ആ സ്ത്രീ എല്ലാവർക്കും മാതൃകയാണ്. നിശ്ശബ്ദ താഴ്‌വരയിലേക്കുള്ള പാതയിൽ മലയടിവാരത്ത് ചുരം തുടങ്ങുന്നതിന് മുമ്പ് ഒരു പാതയോരത്ത് പുലർച്ചെ മുതൽ ഇരുട്ടിത്തുടങ്ങുന്നത് വരെ ആ ചായമക്കാനി ഇന്നും സജീവമാണ്.

മുന്തിയ വലിയ ഹോട്ടലുകൾ തേടി പോകുമ്പോൾ, ഇടയ്ക്ക് ഗ്രാമങ്ങളിലെ വഴിയോരങ്ങളിൽ മോടി കുറഞ്ഞ കടകളിൽ, പഴകാത്ത, രാസപദാർഥങ്ങൾ ചേർക്കാത്ത, രുചിയുള്ള ഭക്ഷണം പുഞ്ചിരി മായാത്ത മുഖത്തോടെ വിളമ്പിത്തരുന്ന കൈകൾക്ക് പ്രത്യേകം കരുതൽ നൽകണം. അവർ ടിപ്പ് ആഗ്രഹിക്കുന്നില്ല, കൊടുത്താലും അവർ വാങ്ങാറുമില്ല. എന്നാൽ കുറെ ആത്മാവുകൾ ആ മക്കാനികളെ ആശ്രയിച്ച് ജീവിക്കുന്നുണ്ട് എന്ന് മറക്കാതിരിക്കുക നാം.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio
Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21

Nerpatham Weekly
Published on
2020 FEBRUARY 01

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

+91 9061716600

greenvalleyinstitutions@gmail.com

/greenvalleycampus

GREEN VALLEY
PUBLIC SCHOOL

**GREEN VALLEY PUBLIC SCHOOL**

ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**